# ആത്മപ്രകാശിനി

## 2008 ആഗസ്റ്റ്

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# അകത്താളുകളിൽ


**മൂപ്പന്മാരുടെ ശ്രദ്ധയ്ക്ക്**
ഡോ. കെ.സി. ജോൺസൺ .......... 3

**അപ്പൊസ്തലന്മാരുടെ പ്രവൃത്തി . . . .**
വി.പി. ജേക്കബ് .................................. 4

**ആരാധനാ ചിന്തകൾ**
റ്റി.ജെ. തോമസ് .................................. 7

**പരിണാമ സൃഷ്ടി വിവാദം . . . .**
ഡോ. ജോൺസൺ ജോർജ്ജ് ........ 9

**അവന്റെ തേർ വരുവാൻ . . . . .**
ഡി. ജോർജ്ജ് ..................................... 10

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 11

**തിമൊഥെയൊസിന് എഴുതിയ . . . . .**
ജേക്കബ് തോമസ് .............................. 14

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ......................... 15

**വാഗ്ദത്തം ചെയ്ത ദൈവം . . . .**
ഗിരിജാ ജോസഫ് .............................. 17

**ആ കാലത്ത്**
ഗോഡ്‌ലി പി.എസ്സ് ............................ 18

**ബൈബിൾ പ്രശ്നാവലി .................** 19

**വിദ്യാഭ്യാസ സഹായം ....................** 21

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.8**

## 2008 ആഗസ്റ്റ്

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഓ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഓ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@hotmail.com

# മൂപ്പന്മാരുടെ ശ്രദ്ധയ്ക്ക്

**ഡോ. കെ.സി. ജോൺസൺ, മാവേലിക്കര**

**ദൈ**വസഭയുടെ പരിപാലനത്തിനായി പരിശുദ്ധാത്മാവ് വരം നല്കി നിയമിച്ചിട്ടുള്ള മൂപ്പന്മാരുടെ ഉത്തരവാദിത്തങ്ങൾ വളരെ വലിയതാണ്. അവയിൽ അവർ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് ഉപദേശപരമായ വിഷയങ്ങളിലാണ്. വചനം ഇത് വ്യക്തമാക്കുന്നുണ്ട്. അതെപ്പറ്റി അല്പം ചിന്തിക്കാം.

യെരൂശലേം സഭയിൽ നിന്നും ചില ന്യായപ്രമാണവാദികൾ അന്ത്യൊക്ക്യാ സഭയിലേയ്ക്ക് പോകുകയുണ്ടായി (അപ്പൊ. 15:1,5,24). ജാതികളിൽ നിന്നും രക്ഷിക്കപ്പെട്ടു വരുന്നവർ ന്യായപ്രമാണത്തിന്റെ ആചാരാനുഷ്ഠാനങ്ങളിൽക്കൂടെ കടന്നു പോയേങ്കിൽ മാത്രമേ രക്ഷ പ്രാപിക്കുകയുള്ളൂ (അപ്പൊ. 15:1) എന്ന ദുരൂപദേശമാണവർ പഠിപ്പിച്ചത്. ഈ വിഷയം കൈകാര്യം ചെയ്തത് അപ്പൊസ്തലന്മാരും ആ സഭയിലെ മൂപ്പന്മാരും കൂടെയാണ് (അപ്പൊ. 15:2,6,22). അന്നത്തെ ആലോചനയിൽ തീരുമാനം വ്യക്തമാക്കിയത് യെരുശലേം സഭയുടെ മൂപ്പന്മാരിൽ ഒരുവനായിരുന്ന യേശുക്രിസ്തുവിന്റെ സഹോദരനായ യാക്കോബ് ആയിരുന്നു (15:13,14). ആ തീരുമാനം സർവ്വസഭയുടെയും തീരുമാനമായി (അപ്പൊ. 15:22) മറ്റുള്ളവരെ എഴുതി അറിയിച്ചത് അപ്പൊസ്തലന്മാരും മൂപ്പന്മാരും ചേർന്നായിരുന്നു (15:22).

പല തരത്തിലുള്ള ദുരൂപദേശങ്ങളും വിപരീതോപദേശങ്ങളും ഉയർന്നു വരുമ്പോൾ സഭയിലെ മൂപ്പന്മാർ ശ്രദ്ധാലുക്കൾ ആയിരിക്കേണ്ടതാണ്. പൗലൊസ് എഫെസൊസിലെ മൂപ്പന്മാരെ മിലേത്തൊസിൽ വിളിച്ചുവരുത്തി ഈ വസ്തുത ഓർപ്പിക്കുന്നത് ഇപ്രകാരമാണ്: *ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും. അതുകൊണ്ട് ഉണർന്നിരിപ്പിൻ* (അപ്പൊ. 20:29-31).

മൂപ്പന്മാരുടെ യോഗ്യതകൾ സൂചിപ്പിച്ചിരിക്കുന്ന തിരുവചന ഭാഗങ്ങളിൽ അവർക്കുണ്ടായിരിക്കേണ്ട പ്രത്യേക കഴിവ് ആയി രേഖപ്പെടുത്തിയിരിക്കുന്ന ഒരേ ഒരു കാര്യം മൂപ്പൻ ഉപദേശിപ്പാൻ (to teach) സമർത്ഥൻ ആയിരിക്കേണം എന്നുള്ളതാണ് (1 തിമൊ. 3:2; തീത്തൊസ് 1:9). ബൈബിളിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റു യോഗ്യതകൾ എല്ലാം തന്നെ തന്റെ സ്വഭാവം, കുടുംബം, സാക്ഷ്യം എന്നിവയോട് ബന്ധപ്പെട്ടുള്ളതാണ്. മൂപ്പന്മാർ സഭയെ നന്നായി ഭരിക്കുന്നവരായിരിക്കേണം. അവർ വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കേണ്ടവരുമാണ് (1 തിമൊ. 5:17).

ഉപദേശിക്കുക മാത്രമല്ല മൂപ്പന്മാരുടെ ദൗത്യം. ദുരൂപദേശങ്ങളും വിപരീതോപദേശങ്ങളും ഉയർന്നു വരുമ്പോൾ അവയെ ഖണ്ഡിക്കുന്നതിനും പത്ഥ്യോപദേശം സ്ഥാപിക്കുന്നതിനും അവർക്ക് കഴിവുണ്ടായിരിക്കേണ്ടതാണ്. അത് സാധ്യമാകണമെങ്കിൽ അവർ വചന നിശ്ചയമുള്ളവരും വചനം മുറുകെപ്പിടിക്കുന്നവരും ആയിരിക്കേണ്ടതാണ് (തീത്തൊസ് 1:9).

ഈ നാളുകളിൽ, നമ്മുടെ മദ്ധ്യത്തിൽ പലതരത്തിലുള്ള ദുരൂപദേശങ്ങളും വിപരീതോപദേശങ്ങളും വർദ്ധിച്ചുവരികയാണ്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതിരാവിലെ അല്ല, നമ്മുടെ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള ദൈവിക തിരഞ്ഞെടുപ്പ്, സ്വപരിശ്രമത്താലുള്ള രക്ഷ (രക്ഷ കൃപയാലല്ല), പാപരാഹിത്യ പരിപൂർണ്ണത (Sinless Perfection), സഭ പഴയനിയമത്തിൽ ഉണ്ടായിരുന്നു, സഭ മഹോപദ്രവത്തിൽക്കൂടെ കടക്കും, വികലമായ ആരാധനാ രീതികൾ, സഹോദരിമാർക്ക് സഭയിൽ ആരാധനാ സമയത്ത് ശബ്ദമുയർത്തി സ്തോത്രം ചെയ്യാം, ക്രിസ്തുമസ്സ് ആഘോഷിക്കാം, എന്നിങ്ങനെ അനേക പുതുപുത്തൻ ഉപദേശങ്ങൾ ഇന്ന് ഉയർന്നു വരികയാണ്. ഒരു കാലത്ത് പ്രത്യേക ക്യാമ്പുകളിലും സഭയുടെ അറിവോ അനുവാദമോ കൂടാതെയുള്ള യോഗങ്ങളിലും മാത്രം പഠിപ്പിച്ചുകൊണ്ടിരുന്ന ഈ ദുരൂപദേശങ്ങൾ ഇന്ന് അങ്ങനെയുള്ളവർ പരസ്യമാക്കിക്കൊണ്ടിരിക്കുകയാണ്.

ഇങ്ങനെയുള്ള അനവധി ദുരൂപദേശങ്ങളും വിപരീതോപദേശങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നവർക്കെതിരെ നടപടികൾ എടുക്കേണ്ടത് ആരാണ്? പത്രമാസികകളിൽ ലേഖനങ്ങളും പഠനങ്ങളും ഇവയ്ക്കെതിരെ പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിലും ഇവ പ്രചരിപ്പിക്കുന്നവർ അതു കാര്യമാക്കുന്നില്ല. ഇവ പഠിപ്പിക്കുന്നവർക്കെതിരെ അച്ചടക്ക നടപടികൾ എടുത്ത് ഉപദേശത്തെ സംരക്ഷിക്കേണ്ടത് സഭാമൂപ്പന്മാരാണ്.

# അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിലെ സ്വർണ്ണമണികൾ– 19

## 13. ]usemk As¸mkXesâ Kncn{]`mjWw (XpSÀ¨)

**വി.പി. ജേക്കബ്**

**അ**ടുത്തതായി പൗലൊസ് വളരെ പ്രാധാന്യമുള്ള ഒരു വിഷയത്തിലേക്ക് അഥേനാ പൗരന്മാരുടെ ശ്രദ്ധയെ ആകർഷിക്കുന്നു. അതായത് മാനസാന്തരം "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് കല്പിക്കുന്നു" (വാ.30). എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു. മാനസാന്തരത്തിൽ നിന്ന് ദൈവം ആരേയും ഒഴിവാക്കിയിട്ടില്ല. എല്ലാവരും പാപികളായതുകൊണ്ടാണ് എല്ലാവരും മാനസാന്തരപ്പെടണം എന്ന് ദൈവം കല്പിക്കുന്നത്.

പാപികളല്ലാത്തവർ മാനസാന്തരപ്പെടണമെന്ന് കല്പിക്കുന്നത് ദൈവത്തിന്റെ ഭാഗത്ത് തികച്ചും യുക്തിശൂന്യമായിരിക്കും. "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു" (റോമർ 3:23)."അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോമർ 5:12). നിഷ്പാപനായി ജനിച്ച് പാപം ചെയ്ത് പാപിയായ ഒരു മനുഷ്യനും ലോകത്തിൽ ഉണ്ടായിട്ടില്ല, മേലാൽ ഉണ്ടാവുകയുമില്ല. മൂർഖൻപാമ്പിന്റെ കുഞ്ഞ് മുട്ടയിൽ നിന്ന് ജനിക്കുമ്പോൾ ആട്ടിൻകുട്ടിയാണെന്നും അല്പം വളർന്ന് രണ്ടോ മൂന്നോ പേരെ കടിച്ചുകൊന്നതിനു ശേഷമാണ് മൂർഖൻ പാമ്പാകുന്നത് എന്നും ഉള്ള മേൽത്തരമായ കള്ളം ഒരാൾ പറഞ്ഞാൽ നമ്മുടെ മണ്ടന്മാർ പോലും അത് വിശ്വസിക്കുകയില്ല. മുട്ടയിൽ നിന്ന് വിരിഞ്ഞിറങ്ങുമ്പോൾത്തന്നെ അത് മൂർഖനാണ്. "ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീ. 51:5) എന്നാണല്ലോ സങ്കീർത്തനക്കാരനായ ദാവീദിന്റെ ഏറ്റുപറച്ചിൽ. എല്ലാ മനുഷ്യരും ശോകാത്മകമായ പ്രസ്തുത ഏറ്റുപറച്ചിലോടെയാണ് ജീവിത വേദിയിൽ പ്രവേശിക്കുന്നത്. ഈ ഏറ്റുപറച്ചിൽ കൂടാതെ ജീവിതവേദിയിൽ പ്രവേശിച്ചത് കർത്താവായ യേശുക്രിസ്തു മാത്രം. ക്രിസ്തുവിന് ഒരു മനുഷ്യപിതാവില്ല. അതുകൊണ്ട് തനിക്ക് ജന്മപാപവും ഇല്ല (1 യോഹ. 3:5). ക്രിസ്തുവിന് കർമ്മപാപവുമില്ല. (1 പത്രൊസ് 2:22). അതുകൊണ്ടാണ് അവൻ "നിങ്ങളിൽ ആർ എന്നെ പാപത്തെ

---

ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്ന ഉപദേശസത്യങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്നതെന്തും ദുരുപദേശമാണ്. ദൈവവചനം ഉപദേശത്തിനു പ്രയോജനമുള്ളതാണ്. അതിനു വെളിയിലുള്ളതൊന്നും തന്നെ ഉപദേശമായി അംഗീകരിക്കുവാൻ പാടില്ല (2 തിമൊ. 3:16,17). ബൈബിളന്റെ യഥാർത്ഥ ഉപദേശരൂപം പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ഗ്രഹിക്കേണ്ടത് ആവശ്യമാണ്. അല്ലെങ്കിൽ അപ്രകാരം ഗ്രഹിച്ചവരുടെ സഹായത്തോടെ ഉപേദശരൂപം മനസ്സിലാക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. അറിവില്ലായ്മകൊണ്ടാണ് ഉപേദശപ്പിശകുണ്ടാകുന്നതെങ്കിൽ അങ്ങനെയുള്ളവരെ ശരിയായ ഉപേദശരൂപം അഭ്യസിപ്പിക്കേണ്ടത് സഭയിലെ മൂപ്പന്മാരുടെ കടമയാണ്. ഒരുവൻ പഠിപ്പിക്കുന്നത് ദുരുപദേശമാണെന്നു സഭയ്ക്കു പൊതുവെ ബോദ്ധ്യം ഉണ്ടെങ്കിൽ അതു ആ വ്യക്തിയെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അങ്ങനെയുള്ള ദുരുപദേശകന്മാർക്ക് അവർ എത്ര പ്രശസ്തരോ, സ്വാധീനമുള്ളവരോ, ബന്ധുബലമുള്ളവരോ ആണെങ്കിലും, പഠിപ്പിക്കുന്നതിനോ പ്രസംഗിക്കുന്നതിനോ അവസരം കൊടുക്കാൻ പാടില്ല.

ബോദ്ധ്യപ്പെടുത്തിയശേഷവും പ്രസ്തുത ഉപദേശം മുറുകെ പിടിക്കയും അത് പ്രചരിപ്പിക്കുകയും ചെയ്താൽ നിർബന്ധമായി അങ്ങനെയുള്ളവരെ സഭയിൽ നിന്നു നീക്കം ചെയ്യേണ്ടതാണ് (1 തിമൊ. 1:20; 2 തിമൊ. 2:17,18). ദുരുപദേശകന്മാരുമായി സഹകരിക്കാതെ അവരിൽ നിന്നും അകന്നു മാറി ജീവിക്കുവാൻ വിശ്വാസികൾ കടപ്പെട്ടവരാണ് (റോമർ 16:17,18; മത്തായി 7:15). ദുരുപദേശകന്മാരെ സൗമ്യതയോടെ നേരിടാനും അവരെ പഠിപ്പിക്കുവാനും മൂപ്പന്മാർ ശ്രദ്ധിക്കേണ്ടതാണ് (2 തിമൊ. 2:24-26). ശിക്ഷണനടപടി എടുക്കുന്നതിന്നു മുമ്പ് വളരെ സൂക്ഷമതയോടും പ്രാർത്ഥനയോടും കൂടെ പരിശുദ്ധാത്മാവിന്റെ വ്യക്തമായ നടത്തിപ്പിലും യേശുക്രിസ്തുവിന്റെ കർത്തൃത്വത്തിലുമായിരിക്കണം നടപടികൾ എടുക്കേണ്ടത്. ഉപദേശവിഷയത്തിലുള്ള തന്റെ വീക്ഷണത്തിൽ കടുംപിടുത്തമുണ്ടെങ്കിൽ ഒന്നു രണ്ടു വട്ടം ബുദ്ധിയുപദേശം നൽകുന്നത് നന്നായിരിക്കും.

തങ്ങളുടെ ഉത്തരവാദിത്തങ്ങൾ വിശ്വസ്തമായി നിർവഹിക്കാത്ത മൂപ്പന്മാർ അതിന്റെ കണക്ക് ദൈവസന്നിധിയിൽ ബോധിപ്പിക്കേണ്ടിവരുമെന്ന് മനസ്സിലാക്കി തങ്ങളുടെ ശുശ്രൂഷകൾ നിർവ്വഹിക്കേണ്ടതാണ് (എബ്രാ. 13:17). വിശ്വസ്തരായ മൂപ്പന്മാർക്ക് കർത്താവിന്റെ വരവിങ്കൽ തേജസ്സിന്റെ വാടാത്ത കിരീടം ലഭിക്കും. *. . . അതുകൊണ്ട് ഉണർന്നിരിപ്പിൻ* (അപ്പൊ. 20:31) ●

ക്കുറിച്ച് ബോധം വരുത്തും" എന്ന് പരസ്യമായി ധൈര്യമായി ശത്രുക്കളെ വെല്ലുവിളിച്ചത്. ക്രിസ്തു പാപരഹിതനായതുകൊണ്ടാണ് പാപികളെ രക്ഷിക്കുന്നതിന് യോഗ്യനായത്.

ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള ആദ്യത്തെ പടി മാനസാന്തരമാണ്. "യോശുവ ആഖാനോട്: മകനേ, യിസ്രയേലിന്റെ ദൈവത്തിന് മഹത്വം കൊടുത്ത് അവനോട് ഏറ്റു പറയുക; നീ എന്തു ചെയ്തു എന്ന് പറക. എന്നോടു മറച്ചു വെക്കരുത് എന്ന് പറഞ്ഞു" (യോശുവ 7:19). വെളി. 16:9 ഒത്തു നോക്കുക. "മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെ മേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവനു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല''. അവർ മാനസാന്തരപ്പെട്ടിരുന്നെങ്കിൽ ദൈവത്തിന് മഹത്വമുണ്ടായേനെ. ദൈവത്തിന്റെ മഹത്വം എന്നതാണല്ലോ മനുഷ്യജീവിതത്തിന്റെ പരമ ലക്ഷ്യം. ജീവിതത്തിന്റെ പരമ ലക്ഷ്യം എന്തെന്നറിയാതെ പൊടിപൊടിച്ചു ജീവിക്കുന്ന കോടിക്കണക്കായ മാനവർ ലോകത്തിലുണ്ടെന്നത് വിരോധാഭാസമാണ്.

ഒരിക്കൽ പ്രൊഫ. റ്റി.എച്ച് ഹക്സ്‌ലി അയർലണ്ടിലെ ഒരു ഹോട്ടലിൽ താമസിച്ചു. താമസം കഴിഞ്ഞ് ഒരു പ്രഭാതത്തിൽ അദ്ദേഹത്തിന് റെയിൽവേസ്റ്റേഷനിലേക്ക് പോകണമായിരുന്നു. ഒരു കുതിരവണ്ടി ഏർപ്പെടുത്തണമെന്ന് അവിടുത്തെ ഹോട്ടൽ ക്ലാർക്കിനോട് ആവശ്യപ്പെട്ടു. ക്ലാർക്ക് ഫോൺ ചെയ്തതനുസരിച്ച് കുതിരവണ്ടി വന്നു. അദ്ദേഹം കുതിരവണ്ടിയിൽ കയറി യാത്ര തുടങ്ങി. ഉദ്ദിഷ്ട സ്ഥാനം ഏതെന്ന് ഹക്സ്‌ലി കുതിരവണ്ടിക്കാരനോട് പറഞ്ഞില്ല. ഹോട്ടൽ ക്ലാർക്ക് അക്കാര്യം പറഞ്ഞുകാണുമെന്ന് അദ്ദേഹം വിചാരിച്ചു. പ്രൊഫസർ അക്കാര്യം പറഞ്ഞുകാണുമെന്ന് ക്ലാർക്കും വിചാരിച്ചു. കുതിരവണ്ടിക്കാരൻ നല്ല വേഗത്തിൽ വണ്ടിയോടിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ വണ്ടി മറ്റേതോ ദിക്കിലേക്ക് പോകുകയാണെന്ന് ഹക്സ്‌ലി മനസ്സിലാക്കി. "നിങ്ങൾ എവിടേക്കാ പോകുന്നതെന്നറിയാമോ? എന്ന് പ്രൊഫ. വണ്ടിക്കാരനോട് ചോദിച്ചു. "സാറേ എനിക്കറിയാൻ പാടില്ല. എന്നാൽ ഞാൻ വളരെ വേഗത്തിൽ വണ്ടിയോടിക്കുകയാണ്'' എന്ന് ഡ്രൈവർ ഉത്തരം പറഞ്ഞു. എവിടേക്കു പോകുന്നു എന്നറിയാതെ തെറ്റായ വഴിയിൽക്കൂടി അതിവേഗത്തിൽ പായുന്ന ഒരു കുതിരവണ്ടിക്കാരൻ! പ്രസ്തുത വണ്ടിക്കാരൻ ഇരട്ടത്തെറ്റാണ് ചെയ്യുന്നത്. 1. അവൻ തെറ്റായ വഴിയിൽക്കൂടി യാത്ര ചെയ്യുന്നു. 2. അവൻ തെറ്റായ വഴിയിൽക്കൂടി അതിവേഗത്തിൽ യാത്ര ചെയ്യുന്നു. പ്രിയ വായനക്കാരാ, നിങ്ങൾ പ്രസ്തുത വണ്ടിക്കാരന്റെ ഇരട്ടത്തെറ്റാവർത്തിക്കുന്ന ഒരു വ്യക്തിയാണോ? എങ്കിൽ, ഗുരുതരമായ ആ തെറ്റ് പൂർണ്ണമായും വിട്ടുകളയുന്നതിനുള്ള സുവർണ്ണാവസരം ഇപ്പോഴാണ് എന്ന കാര്യം ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ഓർപ്പിക്കട്ടെ. നിങ്ങളുട ജീവിത യാത്രയുടെ അന്ത്യം എന്താകും എന്ന് ശാന്തമായി ആലോചിച്ചാലും.

ന്യായവിധി എന്ന അടിസ്ഥാന ഉപദേശത്തോട് പൗലൊസ് തന്റെ ഗിരിപ്രഭാഷണം അവസാനിപ്പിക്കുന്നു. ക്രൈസ്തവരുടെ ഇടയിൽ ന്യായവിധി പോലെ തെറ്റായി ധരിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾ അധികമില്ല. "തിരുവെഴുത്തുകൾ വകതിരിച്ച് മനസ്സിലാക്കുക; അപ്പോൾ പ്രയാസങ്ങൾ മാറിപ്പോകും" എന്ന അഗസ്റ്റിന്റെ പ്രമാണം മനസ്സിലാക്കാത്തതാണ് പ്രസ്തുത കുഴച്ചിലിനുള്ള കാരണം. തിരുവെഴുത്തുകൾ 7 ന്യായവിധികളെക്കുറിച്ച് പഠിപ്പിക്കുന്നു.

1. പാപത്തിനുള്ള ന്യായവിധി. – "ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാത്തതിനെ സാധിപ്പാൻ. ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു" (റോമർ 8:3). ഗലാ. 3:13,14; 2കൊരി. 5;21 എന്നീവാക്യങ്ങൾ ഒത്തുനോക്കുക. ക്രിസ്തു നമുക്ക് വേണ്ടിശാപമായി. ശപിക്കപെട്ടവൻ ആയില്ല. ദൈവം നമുക്കുവേണ്ടി ക്രിസ്തുവിനെ പാപം ആക്കി. ക്രിസ്തു പാപിയായില്ല. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനുള്ള ന്യായവിധി ദൈവം ക്രിസ്തുവിന്റെമേൽ ചുമത്തി യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിലെ പരമയാഗംമൂലം ദൈവം പാപത്തിന് സ്ഥിരമായ ഒരു പരിഹാരം ഉണ്ടാക്കി എന്ന് ചുരുക്കം.

2. വിശ്വാസിയുടെ സ്വയത്തിനുള്ള ന്യായവിധി. (1. കൊരി. 11:31). "നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല" വളരെ സ്വയപരിശോധനയോടെ മാത്രമേ ഒരു വിശ്വാസി തിരുഅത്താഴത്തിൽ സംബന്ധിക്കാവൂ. നമുക്ക് സ്വയപരിശോധനയേക്കാൾ കൂടുതൽ ഇഷ്ടം പരപരിശോധനയാണ്. സ്വയപരിശോധന നടത്തി സ്വയപാപം വിധിച്ചു തള്ളാതെ കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുന്നവർക്കുള്ള ശിക്ഷ ബലഹീനത, രോഗം, അകാലമരണം എന്നിവയാണ്. തിരുവചന വെളിച്ചത്തിൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ തുടർമാനമായ സ്വയപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടത് ഒരു വിശുദ്ധനെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണ്.

3. ക്രിസ്തുവിന്റെ ന്യായാസനത്തിലുള്ള ന്യായവിധി. (2 കൊരി. 5:10). "അവനവൻ ശരീരത്തിലിരി

ക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." ന്യായാസനത്തിന് "ബേമ" എന്ന പദമാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. "ത്രോണൊസ്" എന്ന പദമല്ല. അഗ്നി പരിശോധനയിൽ വെന്തുപോകാത്ത വിശുദ്ധന്മാരുടെ പ്രവൃത്തികൾക്ക് പ്രതിഫലങ്ങൾ (കിരീടങ്ങൾ) കൊടുക്കുന്ന സ്ഥാനമാണ് "ബേമ" അഥവാ ന്യായാസനം. എല്ലാ വിശ്വാസികളും ഈ ന്യായാസനത്തിന്റെ മുമ്പിൽ ഹാജരാകണം. അവിശ്വാസികളാരും പ്രസ്തുത ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കുകയില്ല. "ക്രിസ്തുവിന്റെ ന്യായാസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഞാൻ ഏതാണ്ട് ഭയപരവശനാകുന്നു" എന്ന് ഡോ. ബില്ലി ഗ്രഹാം പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാനും പ്രവർത്തിക്കുവാനും കർത്താവ് നമുക്കെല്ലാം കൃപ ചെയ്യട്ടെ.

4. യഹൂദന്മാർക്ക് ജാതീയമായുള്ള ന്യായവിധി (യെശ 4:3, യിരെ. 30:7)റോമാ ഗവർണ്ണർ പീലാത്തോസ് ക്രിസ്തുവിനെ വിസ്തരിച്ചശേഷം വെള്ളമെടുത്ത് പരസ്യമായി കൈ കഴുകി. "ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റമില്ല'' എന്ന് വിധി പറഞ്ഞു. പീലാത്തോസ് കൈയൊഴിഞ്ഞ ന്യായവിധി യഹൂദന്മാർ സ്വമേധയാ ഏറ്റെടുത്തു. "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്ന് ജനമൊക്കെയും ഉത്തരം പറഞ്ഞു" തിരുവെഴുത്തുകൾ തദ്വിഷയമായി എന്തു പറയുന്നു എന്നു നോക്കാം. "കർത്താവ് ന്യായവിധിയുടെ കാറ്റുകൊണ്ടും ദഹനത്തിന്റെ കാറ്റുകൊണ്ടും സീയോൻ പുത്രിമാരുടെ മലീനത കഴുകിക്കളയുകയും യെരുശലേമിന്റെ രക്തപാതകം അതിന്റെ നടുവിൽ നിന്ന് നീക്കി വെടിപ്പാക്കുകയും ചെയ്ത ശേഷം" (യെശ. 4:3); യിരെ. 30:7. ഒത്തു നോക്കുക. "അത് യാക്കോബിന്റെ കഷ്ടകാലം തന്നെ". യെഹുദന്റെ രക്തം വീണു നനയാത്ത മണ്ണ് ഭൂമിയിൽ കുറവാണ്. മിക്ക രാജ്യങ്ങളിലും യഹൂദർ പീഡിതരായിട്ടുണ്ട്. ഹിറ്റ്ലർ ഗ്യാസ് ചേമ്പറിൽ അതിദാരുണമായി കൊന്നൊടുക്കിയ യഹൂദ ലക്ഷങ്ങളുടെ ചരിത്രം വായിച്ചാൽ മനസാക്ഷി ലേശമെങ്കിലും ഉള്ള ആരാണ് ഞെട്ടിപ്പാകാതിരിക്കുന്നത്. എന്നാൽ, യിസ്രായേൽ ജനം മഹോപദ്രവകാലത്ത് അന്ത്യക്രിസ്തുവിന്റെ കിരാതഭരണത്തിൽ അനുഭവിപ്പാൻ പോകുന്ന കഷ്ടങ്ങളോട് താരതമ്യപ്പെടുത്തിയാൽ ചരിത്രത്തിന്റെ ഉടനീളം അവർ അനുഭവിച്ച കഷ്ടങ്ങൾ ഏതുമില്ല.

5. ജീവിക്കുന്ന രാഷ്ട്രങ്ങൾക്കുള്ള ന്യായവിധി. മത്തായി. 25:31-46 വരെയുള്ള വാക്യങ്ങളിൽ പ്രസ്തുത ന്യായവിധിയെപ്പറ്റിയുള്ള വിവരണം ലഭിക്കുന്നു. ക്രൈസ്തവരുടെ ഇടയിൽ വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നാണ് ഈ ന്യായവിധി. ഇത് അന്ത്യ ന്യായവിധി എന്നാണ് ഭൂരിപക്ഷം ക്രിസ്ത്യാനികളും വിശ്വസിക്കുന്നത്. എന്നാൽ പ്രസ്തുത ന്യായവിധി അന്ത്യന്യായവിധിയല്ല. അന്ത്യന്യായവിധിയെക്കുറിച്ച് വെളി. 20-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക. ഒരു തിരുവെഴുത്ത് മറ്റൊരു തിരുവെഴുത്തിന് വിരുദ്ധമായി വരുവാൻ പാടുള്ളതല്ല. മത്തായി 25 ലെ ന്യായവിധി ജീവനോടെയിരിക്കുന്ന ജാതികൾക്കുള്ളതാണ്. "ഞാൻ യഹൂദയുടെയും യെരുശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകല ജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തം എന്റെ അവകാശമായ യിസ്രയേൽ നിമിത്തവും അവരോട് വ്യവഹരിക്കുകയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു. എന്റെ ദേശത്തെ വിഭാഗിച്ചു കളഞ്ഞുവല്ലോ. (യോവേൽ 3:1,2). "എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും'' ദൈവം സകലജാതികളോടും (Nations) വ്യവഹരിക്കുന്ന ഒരു ന്യായവിധിയാണ് ഇത് എന്നത് വളരെ സ്പഷ്ടം. സഭയ്ക്ക് പ്രസ്തുത ന്യായവിധിയുമായി യാതൊരു ബന്ധവും ഇല്ല. "യെഹൂദന്മാർക്കും യവനന്മാർക്കും ദൈവസഭയ്ക്കും" (1കൊരി.10:32) എന്നിങ്ങനെയുള്ള ദൈവികവിഭജനം അവഗണിക്കുന്നതാണ് യിസ്രയേലും സഭയും തമ്മിൽ കൂട്ടികുഴയ്ക്കുന്നതിനുള്ള കാരണം. ദൈവം വേർപിരിച്ചതിനെ മനുഷ്യൻ യോജിപ്പിക്കരുത്. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തൻ" എന്ന പ്രയോഗം സഭയെ കുറിക്കുന്നതല്ല. പ്രസ്തുത യിസ്രയേലിനെ കുറിക്കുന്നതാണ്. യഹൂദന്മാർ ജഡപ്രകാരം ക്രിസ്തുവിന്റെ സഹോദരന്മാരാണല്ലോ.

6. വെള്ള സിംഹാസനത്തിലുള്ള ന്യായവിധി. (വെളി.20:11-15) ഇതാണ് മനുഷ്യർക്കുള്ള അന്ത്യ ന്യായവിധി. ന്യായവിധി നടത്തുന്നത് കർത്താവായ യേശുക്രിസ്തുവാണ്. "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രന് കൊടുത്തിരിക്കുന്നു" (യോഹ. 5:22). "അവൻ മനുഷ്യപുത്രനാകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരവും നൽകിയിരിക്കുന്നു'' (യോഹ. 5:27). സമ്പൂർണ്ണ ദൈവവും സമ്പൂർണ്ണ മനുഷ്യനുമായ

# ആരാധനാ ചിന്തകൾ

റ്റി.ജെ. തോമസ്, കുളനട

**ക**ഴിഞ്ഞ ചില നാളുകൾക്കു മുമ്പ് കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ വെച്ച് ആരാധന എന്ന വിഷയത്തെപ്പറ്റി നമ്മുടെ ഇടയിലെ പ്രഗത്ഭരായ ചില ദൈവദാസന്മാർ നടത്തിയ പ്രഭാഷണങ്ങൾ അനേകരുടെയും ശ്രദ്ധയെ ആകർഷിച്ചു എന്നതിൽ സംശയമില്ല. അതിനെത്തുടർന്ന് നമ്മുടെയിടയിലെ ചില മാദ്ധ്യമങ്ങളിൽ അതെപ്പറ്റിയുള്ള പ്രതികരണങ്ങളും വായിക്കയുണ്ടായി. അവയെല്ലാം തന്നെ കാര്യമാത്ര പ്രസക്തങ്ങളായിരുന്നു. അവയിൽ ആത്മപ്രകാശിനിയുടെ ഏപ്രിൽ ലക്കത്തിലെ പത്രാധിപലേഖനം കാര്യമാത്രപ്രസക്തം എന്നുമാത്രമല്ല സത്യാന്വേഷികളായ വിശ്വാസികൾക്ക് ആ വിഷയത്തിൽ നേർവഴി കാണിക്കുന്നതുമായിരുന്നു. എല്ലാ അനുവാചകർക്കും അതനുഗ്രഹമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വീണ്ടെടുക്കപ്പെട്ട ദൈവജനം തന്നെ ആരാധിക്കേണമെന്നത് അവിടുത്തെ ദിവ്യോദ്ദേശ്യമാണ്. അതുകൊണ്ടാണ് ദൈവം മോശെ മുഖാന്തിരം ഫറവോനോട് ആജ്ഞാപിച്ചത്. "എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയയ്ക്കേണം" എന്ന്. കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ യോഹ 4-ാം അദ്ധ്യായത്തിൽ ശമര്യസ്ത്രീയുമുള്ള സംഭാഷണ മദ്ധ്യേ "ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം" എന്ന് വെളിപ്പെടുത്തി. ഈ വിഷയം ചിന്തിക്കുമ്പോൾ നമ്മുടെ ബഥനി ബൈബിൾ സ്കൂളിലെ ഒന്നാം ബാച്ചിൽ ഈ വിഷയം സംബന്ധിച്ചുള്ള നോട്ടിന്റെ ഒരു ഭാഗമാണ് ഓർമ്മയിൽ ഓടിയെത്തുന്നത്. നമസ്കാരം അഥവാ ആരാധന എന്നതിന് ഗ്രീക്കിൽ പ്രോസ്ക്കുനെ-ഒ (Proskuneo) എന്ന വാക്കാണ്. അതിന് വ്യത്യസ്തങ്ങളായ 2 അർത്ഥമാണുള്ളത്. അവയിൽ ഒന്ന് യജമാനഭക്തിയും നന്ദിയുമുള്ള ഒരു നായയുടെ. ഇവ രണ്ടും സമുന്വയിച്ചുള്ള യജമാനന്റെ മുഖത്തേക്കുള്ള നോട്ടം. മറ്റേത് വിലയ്ക്കു വാങ്ങപ്പെട്ട ഒരടിമ യജമാനനെ കാണുമ്പോൾ ഭക്ത്യാദരവോടു കൂടി കുനിഞ്ഞ് യജമാനന്റെ കൈകൾ രണ്ടും പിടിച്ച് രണ്ടു കൈകളിലും ഒന്നിച്ചു ചുംബനം ചെയ്യുക എന്നാണ്. ഇത് ആരാധന എന്നതിന്റെ അക്ഷരഹിതവും ശബ്ദരഹിതവുമായ ഒരു നിർവ്വചനമാണ്. അതിനുള്ള ഉത്തമ മാതൃകയാണ് മത്താ. 2:1-12 വരെയുള്ള വിദ്വാന്മാരുടെ ആരാധന. യഹൂദന്മാരുടെ രാജാവിനെ നമസ്കരിപ്പാൻ കിഴക്കു നിന്ന് രാജാവിന്റെ നക്ഷത്രം കണ്ട് തിരിച്ചവർ ആ നക്ഷത്രം ശിശു കിടക്കുന്ന വീട്ടിൽ വരെ അവരെ എത്തിച്ചു. അവർ വീട്ടിൽ ചെന്ന് ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു. വീണു അവനെ നമസ്കരിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്ന് പൊന്ന്, കുന്തുരുക്കം, മൂർ എന്നിവ കാഴ്ച വെച്ചു. ഈ മൂന്നു വസ്തുക്കളും ഒരു രാജ

---

യേശുക്രിസ്തുവാണ് വെള്ള സിംഹാസനത്തിൽ ഇരിക്കുന്ന ഏക ന്യായാധിപൻ. ലോകത്തിലെ കോടതികളിൽ സാക്ഷികളുടെ വാമൊഴി ആധാരമാക്കിയാണ് ജഡ്ജിമാർ കേസുകളുടെ വിധി പുറപ്പെടുവിക്കുന്നത്. അല്ലാതെ സംഭവങ്ങളുടെയും സംഗതികളുടെയും നേരിട്ടുള്ള അറിവ് സാധാരണഗതിയിൽ അവർക്കില്ല. ''അവന്റെ പ്രമോദം യഹോവ ഭക്തിയിലായിരിക്കും; അവൻ കണ്ണു കൊണ്ട് കാണുന്നതുപോലെ ന്യായപാലനം ചെയ്യുകയില്ല. ചെവികൊണ്ട് കേൾക്കുന്നതുപോലെ വിധിക്കുകയുമില്ല" (യെശ.11:3). സാക്ഷികൾ കണ്ടതും കേട്ടതുമായ കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വിധികളാണ് ലോക കോടതിയിൽ പുറപ്പെടുവിക്കുന്നത്. എന്നാൽ, യേശുക്രിസ്തു എന്ന ന്യായാധിപന് സാക്ഷികളുടെ ആവശ്യമില്ല. മനുഷ്യനിലുള്ളത് എന്തെന്ന് സ്വതവേ അറിഞ്ഞിരിക്കയാൽ തനിക്ക് മനുഷ്യനെക്കുറിച്ച് യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല'' (യോഹ. 2:25). ലോക കോടതികളിൽ കേസുകൾ വിസ്തരിച്ചു വിധി പറയുന്നത് പല ജഡ്ജിമാർ ചേർന്നായിരിക്കും. അപ്പോൾ, ന്യായാധിപന്മാർക്കു തമ്മിൽ അഭിപ്രായ വ്യത്യാസവും വിയോജിപ്പും ഉണ്ടാകുന്നത് സാധാരണമാണ്. എന്നാൽ യേശുക്രിസ്തു ഏക ന്യായാധിപനായിരിക്കുന്നതുകൊണ്ട് മനുഷ്യസഹജമായ അത്തരം പരിമിതികളോ പോരായ്മകളോ ഒരിക്കലും ഉണ്ടാവുകയുമില്ല. ക്രിസ്തുവിന്റെ ഭരണവും ഏകാധിപത്യമായിരിക്കും.

7. പാപം ചെയ്ത ദൂതന്മാർക്കുള്ള ന്യായവിധി (2. പത്രൊസ് 2:4; യൂദാ. 6,7). "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏൽപ്പിക്കുകയും" യൂദാ 6,7 എന്നീ വാക്യങ്ങളും 1 കൊരി. 6:3 ഉം ഒത്ത് നോക്കുക. പാപം ചെയ്ത ദൂതന്മാർക്കുവേണ്ടി ദൈവം ഒരു രക്ഷാമാർഗ്ഗം ആസൂത്രണം ചെയ്തില്ല. എന്നാൽ, പാപം ചെയ്ത മനുഷ്യർക്കായി ദൈവം ഒരു രക്ഷാമാർഗ്ഗം ഒരുക്കി എന്നോർക്കുമ്പോൾ ദൈവത്തിന്റെ അത്ഭുതമായ കൃപയുടെ മുമ്പിൽ നമുക്ക് സാഷ്ടാംഗ നമസ്കാരം ചെയ്യാം. വിനയ സമ്പന്നരും സ്തോത്ര സമ്പന്നരുമായി വിശുദ്ധന്മാർ ദൈവത്തെ എപ്പോഴും മഹത്വപ്പെടുത്തുന്നതിന് ഇത് മതിയായ കാരണമാണ്.(തുടരും)

കീയമായ ആരാധന. അതു കഴിഞ്ഞ് അവർ സംതൃപ്തരായി സ്വദേശത്തേയ്ക്കു മടങ്ങി. മറിയയോ, ജോസഫോ, ഗോശാലയോ അവർക്ക് വിഷയമല്ലായിരുന്നു. നിശബ്ദമായ ഘനഗംഭീരമായ ആരാധന. കൊട്ടോ, കുരവയോ, പൂവോ, പൂജാരിയോ ഇല്ല. വിദ്വാന്മാർ രാജാവിനെ വേണ്ടതുപോലെ ഉൾക്കൊണ്ടു അവനെ ആരാധിച്ചു. പ്രോസ്കുനെ-ഓ എന്ന വാക്കിൽ കണ്ട നായയുടെ നോട്ടവും അടിമയുടെ ചുംബനവും വിദ്വാന്മാരുടെ ആരാധനയിൽ വ്യക്തമാകുന്നില്ലേ.

നാം ആരെ ആരാധിക്കുന്നുവോ അവന്റെ മഹത്വം അറിഞ്ഞ് അവന്റെ നാമത്തിന് തക്ക മഹത്വം കൊടുപ്പാൻ ശ്രദ്ധിക്കണം. ഇതിൽ അവനെക്കുറിച്ചുള്ള ദർശനം ആവശ്യമാണ്. യെശ. 6 ൽ യെശയ്യാവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നവനായി അവന്റെ മഹത്വത്തിൽ അവനെ ദർശിച്ചു. അപ്പോൾ തന്റെ കുറവുകൾ യെശയ്യാവിന് ബോദ്ധ്യമായി (യെശ.6:5). അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ എന്ന് സ്വയം പറയാൻ ഇടയായി. അവനെ ഉള്ള നിലയിൽ അപ്പോൾ അവൻ കണ്ടു. അവന്റെ ശ്രേഷ്ടതകളെ എണ്ണിഎണ്ണി അറിയിക്കുന്നതായിരുന്നു. ഇവിടെ ആരാധനയുടെ ശ്രേഷ്ടത കാണാം. എബ്രാ. 12:2 ൽ പരിശുദ്ധാത്മാവ് പറയുന്നത് വിശ്വാസത്തിന്റെ നായകനുംപൂർത്തി വരുത്തുന്നവനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി വെളിപ്പെടുത്തുന്ന ഒരു നിഴലായിരുന്നു സമാഗമന കൂടാരം. അതിനു മൂന്നു വാതിലുകൾ ഉണ്ടായിരുന്നു. ഈ പ്രാചീന ശില്പത്തിന്റെ വാതിലുകളായ തിരശീലകൾ ക്രിസ്തുവിനെ കാണിക്കുന്നതായിരുന്നു (എബ്രാ. 10:19). പ്രാകാര വാതിൽ, കൂടാരവാതിൽ തിരശീല എന്നു പറയുന്ന അതിപരിശുദ്ധമായ സ്ഥലത്തേക്കുള്ള വാതിൽ. ആരാധകരായ സാധാരണക്കാർ, പുരോഹിതന്മാർ, മഹാപുരോഹിതന്മാർ എന്നിവർ ഈ മൂന്നു വാതിൽ യഥാക്രമം കടക്കുന്നു. സാധാരണക്കാർ പ്രാകാരത്തിലും പുരോഹിതന്മാർ വിശുദ്ധസ്ഥലത്തും മഹാപുരോഹിതൻ അതിപരിശുദ്ധസ്ഥലത്തും കടന്നു ചെല്ലുന്നു.

രക്ഷാവാതിലിനെ കാണിക്കുന്ന പ്രാകാരവാതിലിന് 5 മുഴം ഉയരവും മറ്റു രണ്ടു വാതിലുകൾക്കും പ്രാകാര വാതിലിന്റെ ഇരട്ടി ഉയരവുമാണുള്ളത്. ആരാധനയ്ക്കായി കടന്നുപോകുന്ന പുരോഹിതനും മഹാപുരോഹിതനും പ്രാകാരവാതിലിനേക്കാൾ ഇരട്ടി ഉയരത്തിലേക്ക് നോക്കണം. ആരാധനയ്ക്കായി കടന്നു പോകുമ്പോൾ ക്രിസ്തുവിനെ കാണിക്കുന്ന കൂടാരവാതിലും തിരശീല അതിപരിശുദ്ധസ്ഥലത്തേക്കു കടക്കുന്ന വാതിലും ഇരട്ടി ഉയരത്തിൽ ശ്രദ്ധിച്ചു നോക്കേണ്ടതാവശ്യം എന്ന് പിതാവിന്റെ ആഹ്വാനമാണ് വാതിലുകളിൽക്കൂടെ നൽകുന്നത്. അങ്ങനെ പിതാവും പരിശുദ്ധാത്മാവും പറയുകയാണ് ആരാധകൻ യേശുവിനെ ശ്രദ്ധിച്ചു നോക്കേണം എന്ന്. യജമാനങ്കലേക്കുള്ള നായയുടെ നോട്ടം ഇവിടെ അന്വർത്ഥമാകുന്നുണ്ട്.

വെളി. 1:10-18 വരെ മരണത്തേയും പാതാളത്തേയും ജയിച്ച് ഉയർത്തപ്പെട്ട് മഹത്വം ധരിച്ച ക്രിസ്തുവിനെക്കണ്ട് യോഹന്നാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. സകല നാമത്തിനും മേലായ നാമം ധരിച്ച് വിരാജിതനായ യേശുവിനെ അവന്റെ മഹത്വത്തിൽ കണ്ടു. യോഹന്നാൻ അവന്റെ പാദത്തിൽ വീണ് അവനെ നമസ്കരിച്ചു. വിലയ്ക്കു വാങ്ങപ്പെട്ട അടിമയുടെ ചുംബനം ഇവിടെ ദർശിക്കാം.

100-ാം സങ്കീർത്തനത്തിൽ അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ. സ്തോത്ര സങ്കീർത്തനമായ ഇതിന്റെ 4-ാം വാക്യത്തിലെ ഒരാഹ്വാനമാണ്. വാതിലുകളിൽ സ്തോത്രത്തോടും പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ എന്ന് പറയുമ്പോൾ ഇതിൽ സ്തോത്രവും സ്തുതിയും കാണാം. ആരാധനയിൽ അടങ്ങിയിരിക്കുന്ന മുഖ്യഘടകമാണിവ രണ്ടും. സ്തോത്രം നന്ദിയെയും സ്തുതി മുഖാന്തിരത്തെയും ഓർപ്പിക്കയാണ്. സ്തോത്രം ലഭിച്ച ദാനങ്ങളോട് ബന്ധപ്പെട്ടതും സ്തുതി ദാതാവിനോടു ബന്ധപ്പെട്ടതുമാണ്. നാം അവനെ ആരാധിപ്പാൻ വരുമ്പോൾ ഇവ രണ്ടും തുല്യപ്രാധാന്യമുള്ളതാണ്. സങ്കീ. 116 :7-ാം വാക്യത്തിൽ എൻ മനമേ നീ വീണ്ടും സ്വസ്ഥമായിരിക്കുക. യഹോവ നിനക്കു ഉപകാരം ചെയ്തിരിക്കുന്നു. തന്റെ പ്രാണനെ മരണത്തിൽ നിന്നും കണ്ണിനെ കണ്ണുനീരിൽ നിന്നും കാലിനെ വീഴ്ചയിൽ നിന്നും രക്ഷിച്ചിരിക്കുന്നു. 12-ാം വാക്യത്തിൽ പറകയാണ് "യഹോവ എനിക്കു ചെയ്ത സകല ഉപകാരത്തിനും എന്തു പകരം കൊടുക്കും" ഇതിൽ ദൈവത്തിൽ നിന്ന് ലഭിച്ച ദാനങ്ങളും ദാതാവും ഉണ്ട്. ദാതാവ് ചെയ്ത സകല ഉപകാരങ്ങൾക്കും എന്ത് പകരം ദാതാവിന് കൊടുക്കും എന്ന മനോഭാവവും പകരം നന്ദിപറയുകയുമാണ് ആരാധന. ലൂക്കൊസ് 17-ാം അദ്ധ്യായത്തിൽ 10 പേർക്ക് രോഗസൗഖ്യം ലഭിച്ചു. അന്യ ജാതിക്കാരനായ ഒരുവൻ മാത്രം നന്ദി പറവാൻ വന്നു. കർത്താവ് അവനെ കുറികൊണ്ടു. മാത്രമല്ല 9 പേരെയും ഓർപ്പിച്ചു. അവന്റെ മഹത്വവും ഔന്നത്യവും അറിഞ്ഞു അവനെ സ്തുതിക്കാം. നൽകിയ ദാനങ്ങളെ ഓർത്ത് അവന് സ്തോത്രം ചെയ്യുകയും ദാതാവിന് നന്ദി കരേറ്റി അവനെ ആത്മാർത്ഥമായി ഭക്തിയിൽ ആരാധിക്കാം. കർത്താവതിന് സഹായിക്കട്ടെ. (തുടരും)

ശാസ്ത്ര പംക്തി

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 24

DR. JOHNSON GEORGE, TORONTO, CANADA

## അദ്ധ്യായം 19. ജലപ്രളയത്തെ ശരിയായി വ്യാഖ്യാനിക്കുമ്പോൾ ലഭിക്കുന്ന നിഗമനങ്ങൾ? Part II

യുക്തിപരമായി (logically) ഉദിക്കുന്ന മറ്റു ചില ന്യായങ്ങളും നോഹയുടെ കാലത്തെ ജലപ്രളയം ആഗോളമായിരുന്നു എന്ന് തെളിയിക്കുന്നു . താഴെ പറയുന്ന ന്യായങ്ങൾ ശ്രദ്ധിക്കുക.

1 ജലപ്രളയം പ്രാദേശികമായിരുന്നു എങ്കിൽ ഒരു പെട്ടകത്തിന്റെ ആവശ്യം എന്തായിരുന്നു?

പ്രളയത്തിനടിയിൽ ആകുകയില്ല എന്ന് ഉറപ്പുള്ള ഒരു സ്ഥലത്തേക്ക് നീങ്ങുവാൻ ദൈവം നോഹയോട് കല്പിച്ചാൽ മതിയായിരുന്നുവല്ലോ. ഇങ്ങനെ നടന്നു നീങ്ങുവാൻ നോഹയ്ക്ക 100 വർഷങ്ങളിൽ കൂടുതൽ സമയം ലഭിച്ചിരുന്നു. പിന്നെ എന്തുകൊണ്ട് ലോത്തിനോട് കല്പിച്ചതു പോലെ ദൈവം നോഹയോട് പ്രളയത്തിൽ നിന്ന് ഒഴിഞ്ഞ് രക്ഷപെടുവാൻ പറഞ്ഞില്ല?

2 ജലപ്രളയം പ്രാദേശികമായിരുന്നുവെങ്കിൽ എല്ലാ കരജന്തുക്കളേയും കയറ്റുവാൻ തക്കവണ്ണം വലിപ്പമുള്ള ഒരു പെട്ടകത്തിന്റെ ആവശ്യം എന്തായിരുന്നു? മെസപ്പൊട്ടാമിയായിൽ ഉള്ള ചില ജന്തുക്കളെ മാത്രം കയറ്റുവാനായിരുന്നു എങ്കിൽ ചെറിയ ഒരു പെട്ടകത്തിന്റെ ആവശ്യമെ ഉണ്ടായിരുന്നുള്ളൂ.

3. പ്രളയത്തിൽ ഒരു പ്രദേശത്തുള്ള ജന്തുക്കൾ മാത്രമെ ചത്തുള്ളുവെങ്കിൽ ആ തരം (kind) ജന്തുക്കൾ ലോകത്തിന്റെ മറ്റു ഭാഗത്ത് ശേഷിച്ചിരിക്കണമല്ലോ. അങ്ങനെയെങ്കിൽ പുനരുല്പാദനത്തെ (reproduction) ഉദ്ദേശിച്ചുകൊണ്ട് ആണും പെണ്ണുമായി എല്ലാ കരജന്തുക്കളെയും പെട്ടകത്തിൽ കൊണ്ടുപോകാൻ ദൈവം എന്തുകൊണ്ട് കല്പിച്ചു?

(4) ജലപ്രളയം പ്രാദേശികമായിരുന്നുവെങ്കിൽ പക്ഷികളെ പെട്ടകത്തിൽ കൊണ്ടുപോകേണ്ടുന്ന ആവശ്യം എന്തായിരുന്നു? അവയ്ക്ക് പറന്ന് പ്രളയം ഇല്ലാത്ത ഒരു സ്ഥലത്തേക്ക് രക്ഷപെടാമായിരുന്നുവല്ലോ.

(5) പ്രളയത്തിൽ മലകളുടെ മുകളിൽ 15 മുഴം (8 മീറ്റർ) ഉയരത്തിൽ വെള്ളം ഉയർന്നു എന്ന് നാം വായിക്കുന്നു (ഉല്പത്തി 7:20). മലകളെ മൂടുവാൻ തക്കവണ്ണം ഉയർന്ന പ്രളയം പ്രാദേശികമായിരിക്കുവാൻ കഴിയുമോ?

(6) നോഹയും ജന്തുക്കളും പെട്ടകത്തിനുള്ളിൽ ഒരു വർഷവും 10 ദിവസങ്ങളും കഴിച്ചു കൂട്ടി (ഉല്പത്തി 7:11, 8:14). ഒരു പ്രാദേശിക ജലപ്രളയത്തിൽ ഇത്രയും നാൾ പെട്ടകം ഒഴുകി നടക്കുമോ?

(7) ഇങ്ങനെ ഒരു പ്രളയത്താൽ ഇനി ഭൂമിയെ നശിപ്പിക്കുകയില്ല എന്ന് ദൈവം സത്യം ചെയ്തു (ഉലപ്ത്തി 9:11). നോഹയുടെ കാലത്ത് സംഭവിച്ചത് ഒരു പ്രാദേശിക ജലപ്രളയമായിരുന്നുവെങ്കിൽ പല പ്രാദേശിക പ്രളയങ്ങൾ അതിനുശേഷം സംഭവിച്ചിട്ടുണ്ടല്ലോ. ദൈവം കള്ളം പറഞ്ഞുവോ?

മുകളിൽ പറഞ്ഞിരിക്കുന്ന ന്യായങ്ങളുടെ അടിസ്ഥാനത്തിൽ നോഹയുടെ കാലത്ത് സംഭവിച്ചത് ഒരു ആഗോളജലപ്രളയം തന്നെ ആയിരുന്നു എന്ന് നമുക്ക് സംശയമെന്യേ മനസ്സിലാക്കാം. ഒരു ആഗോള ജലപ്രളയം ഭൂമുഖത്ത് തെളിവുകൾ വിടാതെ പോവുകയില്ല. അതുകൊണ്ട് ഇന്ന് ഭൂമുഖത്ത് കാണുന്ന ഭൂഗർഭ ശാസ്ത്രീയ പ്രതിഭാസങ്ങളിൽ ഭൂരിഭാഗവും നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് ഉണ്ടായവയാണ് എന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു.

നോഹയുടെ കാലത്തെ ജലപ്രളയം ആഗോളമായിരുന്നു എന്ന് നാം മനസ്സിലാക്കുമ്പോൾ, ഇന്ന് അഭ്യസ്തവിദ്യരായ മനുഷ്യർ വിശ്യസിച്ചിരിക്കുന്ന പല ആശയങ്ങളും തെറ്റാണെന്ന് തെളിയുന്നു. നോഹയുടെ കാലത്തെ ജലപ്രളയം വാസ്തവത്തിൽ നടന്ന ഒരു സംഭവമായിരുന്നു എന്ന് നാം വിശ്വസിക്കുമ്പോൾ, അത് നമ്മുടെ കാഴ്ചപ്പാടിലും വിശ്വാസത്തിലും അമൂലമായ വ്യത്യാസം വരുത്തുന്നു. ജലപ്രളയം നമുക്ക് നല്കുന്ന നാല് പ്രധാന പാഠങ്ങൾ താഴെ പറയുന്നവയാണ്;

1) ഇന്ന് ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഏകരൂപവാദം(uniformitarianism) ശരിയല്ല.

2) ഊറൽ പാറകൾ വേഗത്തിൽ ഒരു വർഷത്തിനുള്ളിൽ അടിഞ്ഞവ ആയതുകൊണ്ട് ഭൂമിയുടെ മുകൾ പരപ്പിന് കോടികണക്കിന് വർഷങ്ങൾ പഴക്കം ഇല്ല.

3) ഊറൽ പാറകളിൽ കാണുന്ന ജീവശ്മങ്ങൾ പ്രളയത്തിൽ നടന്ന വിനാശത്തെയാണ് കാണിക്കുന്നത്, പരിണാമത്തെയല്ല.

4) കഴിഞ്ഞകാലത്ത് ദൈവം ലോകത്തെ ന്യായം വിധിക്കുവാനായി ഒരു ജലപ്രളയത്തെ അയച്ചു എന്ന് തെളിഞ്ഞിരിക്കുകയാൽ, ഭാവിയിൽ ദൈവം ഒരിക്കൽ കൂടി ലോകത്തെ ന്യായം വിധിക്കുവാൻ പോകുന്നു എന്ന ബൈബിൾ പ്രവചനങ്ങൾക്ക് ഉറപ്പ് വന്നിരിക്കുന്നു.(തുടരും)

---

**ജനറൽ ഗോസ്പൽ ഫണ്ട്, അങ്കമാലി**

2007–08 ലെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. വിശദമായ വരവു ചെലവു കണക്കുകൾ അറിയുവാൻ താല്പര്യമുള്ളവർ ഫിലിപ്പ് വർഗ്ഗീസ്, താമരശ്ശേരിൽ (സെക്രട്ടറി, ജനറൽ ഗോസ്പൽ ഫണ്ട്) അങ്കമാലി 683 572 ൽ നിന്നും വാർഷിക റിപ്പോർട്ടിന്റെ പ്രതി ആവശ്യപ്പെടാവുന്നതാണ്.

# "അവന്റെ തേർ വരുവാൻ വൈകുന്നതെന്ത്?" (ന്യായാ. 5:28)

ജോർജ്ജ് ഡി., കടമ്പനാട്

**യോ**ശുവയുടെ മരണത്തെത്തുടർന്ന് ആ തലമുറ ഒക്കെയും തങ്ങളുടെ പിതാക്കന്മാരോടു ചേർന്നു. അതിനുശേഷം യഹോവയേയും അവൻ യിസ്രായേലിനുവേണ്ടി ചെയ്തിട്ടുള്ള പ്രവർത്തികളെയും അറിയാത്ത "വേറൊരു തലമുറ" ഉണ്ടായി. ചരിത്രം പരിശോധിച്ചാൽ ഈ വേറൊരു തലമുറ ചെയ്തിട്ടുള്ള ദോഷ പ്രവർത്തികളും അതിന്റെ ഭയങ്കരത്വവും കാണുവാൻ കഴിയും. ദൈവത്തെ അറിയാത്ത വേറൊരു തലമുറ. ഇന്നത്തെ തലമുറയിൽ ഈ വിശേഷണപദവുമായിട്ട് എന്തെങ്കിലും ബന്ധം ഉണ്ടോ? അനുഭവങ്ങൾ എന്ത് തെളിയിക്കുന്നു? പാളിച്ചകൾ സംഭവിക്കുന്നുണ്ടോ? ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? ശ്രദ്ധിക്കുന്നവർ തിരുത്താൻ ശ്രമിക്കുന്നുണ്ടോ? ശ്രമിച്ചാൽ അംഗീകരിക്കാൻ തയ്യാറുണ്ടോ? ഇല്ലെങ്കിൽ ഈ തലമുറ വേറൊരു തലമുറതന്നെ!

യോശുവയുടെ മരണശേഷം യഹൂദയും ശിമയോനും ചേർന്ന് കനാന്യരേയും പെരിസ്യരേയും തോല്പിച്ചു. അവരുടെ തലവൻ അദോനിബേസെക്കിനെ ഓടിച്ചിട്ടു പിടിച്ചു അവന്റെ കൈകാലുകളുടെ പെരുവിരൽ മുറിച്ചു കളഞ്ഞു. ചോര വാർന്നൊഴുകുമ്പോൾ ഇയാൾ പറയുന്നത് ശ്രദ്ധിക്കുക. "ഞാൻ ചെയ്തതുപോലെ തന്നെ ദൈവം എനക്ക് പകരം ചെയ്തിരിക്കുന്നു" ഇയാൾ 70 രാജാക്കന്മാരുടെ കൈകാലുകളിലെ പെരുവിരൽ മുറിച്ചു കളഞ്ഞിരുന്നു. ഗിദയോന്റെ സ്വന്തഭാര്യയിൽ ജനിച്ച 70 പുത്രന്മാരെ അവന്റെ വെപ്പാട്ടിയിൽ ജനിച്ച അബിമേലേക്കു കൊന്നുകളഞ്ഞു. തിരികല്ലിന്റെ പിള്ളക്കല്ലുകൊണ്ട് ഒരു സ്ത്രീ അബിമേലെക്കിനെ കൊന്നുകളഞ്ഞു. ഓർക്കുക, കൊടുത്താൽ കിട്ടും.

യിസ്രായേൽ ജനം ദൈവത്തെ മറന്ന് പാപം ചെയ്യുമ്പോൾ ദൈവം അവരെ ശിക്ഷിച്ചിരുന്നത് ശത്രുരാജ്യങ്ങളെക്കൊണ്ടായിരുന്നു. അവൻ ദൈവത്തോടു നിലവിളിക്കുമ്പോൾ ഓരോരുത്തരെ ദൈവം എഴുന്നേല്പിച്ചിരുന്നു. ദബോറ എന്ന സ്ത്രീയെ എഴുന്നേല്പിച്ചു. പുരുഷന്മാർ ഇല്ലാഞ്ഞിട്ടല്ല. ഏഹൂദിനെ എഴുന്നേല്പിച്ചു. ഇടങ്കയ്യനാണ്. വലതുകരബലശാലികൾ ഇല്ലാഞ്ഞിട്ടല്ല യിപ്താഹ് എന്ന വേശ്യാപുത്രനെ എഴുന്നേല്പിച്ചു. കുടുംബശ്രേഷ്ഠതയുള്ളവർ ഇല്ലാഞ്ഞിട്ടല്ല. സമൂഹത്തിൽ വലിയ സ്ഥാനമാനങ്ങൾ ഇല്ലാത്തവരേയും ബലഹീനരേയും കർത്താവിന് ആവശ്യമുണ്ടായിരുന്നു. മത്സ്യബന്ധനതൊഴിലാളികളെയും കാളയെ പൂട്ടി നടന്ന കർഷകനെയും ആട്ടിടയനേയും കാട്ടത്തിപ്പഴം പറക്കി നടന്ന വ്യക്തിയെയും കർത്താവിന് ആവശ്യമുണ്ടായിരുന്നു. ഇതു വായിക്കുന്ന സഹോദരാ നിന്നെയും കർത്താവിന് ആവശ്യമുണ്ടെന്ന് ഓർക്കുക.

20 വർഷം കനാന്യ രാജാവായ യാബീൻ യിസ്രായേൽ ജനത്തെ ഞെരുക്കി. അവരുടെ സേനാപതി സീസെരാ. അവന് 900 ഇരുമ്പു രഥമുണ്ടായിരുന്നു. ദെബോറ! ദൈവം തിരഞ്ഞെടുത്ത പ്രവാചകി, ബാരാക്! ദബോറയുടെ തേർ തെളിക്കാൻ നിയോഗിക്കപ്പെട്ടവൻ. യായേൽ! ധീരയായ വനിത. കീശോൻ തോട്! അനവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച സ്ഥലം.

ഹരോശത്തിലെ വീട്ടിൽ ധൃതി വച്ച് ഒരുങ്ങുന്ന ഒരു പടയാളി സീസെരാ, അവന്റെ അമ്മ ഭയവും വിറയലും പിടിച്ച് നീറിനീറിക്കൊണ്ടു നിൽക്കുന്നു. മകൻ ദൈവജനത്തെ നശിപ്പിക്കാൻ പോകയാണെന്നറിയാം. എബ്രായരുടെ ദൈവത്തെക്കുറിച്ച് അവൾ കേട്ടിട്ടുണ്ടാവും. യുദ്ധത്തിൽ സീസെരാ തോറ്റു ഭയന്നു വിറച്ച് പ്രാണരക്ഷാർത്ഥം ഓടിയ അയാളെ സ്വീകരിച്ചത് യായേലിന്റെ മരണവാതിൽ. ക്ഷീണത്തിന് കുടിക്കാൻ ചോദിച്ചു. പാൽ തുരുത്തി തുറന്നു കൊടുത്തു. പാൽ കുടിച്ചു. അവൻ മയങ്ങി. ഒടുക്കത്തെ പാൽ കുടി. യായേൽ അവനെ കൊന്നു. ഒരു ചുറ്റികയും കുറ്റിയും മാത്രം. അവന്റെ 900 ഇരുമ്പു രഥങ്ങൾക്ക് അവനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ദൈവജനത്തെ ശത്രു തൊട്ടാൽ ദൈവം അടങ്ങി ഇരിക്കയില്ല.

ഹരോശത്തിലെ സീസെറയുടെ വീട് ഒരു മൂകതയിൽ മുങ്ങി. തീയില്ല, പുകയില്ല, കരഞ്ഞു കലങ്ങിയ കണ്ണുമായി അവന്റെ അമ്മ ദൂരേയ്ക്ക് ആർത്തിയോടെ നോക്കി നിന്നു. പിന്നെ അകത്ത് കയറി കിളിവാതിലിൽക്കൂടി നോക്കിക്കൊണ്ടു വിളിച്ചു പറഞ്ഞു. അവന്റെ തേർ വരുവാൻ വൈകുന്നതെന്ത്? രഥചക്രങ്ങൾ ഉരുളാത്തതെന്ത്? ഇല്ലമ്മച്ചി ഇല്ല. അവന്റെ തേർ വരുകയുമില്ല. രഥചക്രങ്ങൾ ഇനി ഉരുളുകയുമില്ല.

ശേഷിച്ച കഷണം:-

രാവിലെ കാപ്പികുടി കഴിഞ്ഞ് ബൈക്കോ കാറോ എടുത്ത് കറങ്ങാൻ പോകുമ്പോൾ അമ്മ കരഞ്ഞ് പ്രാർത്ഥിക്കാറുണ്ടോ? അതോ എന്റെ കുഞ്ഞിന് ഇങ്ങനെയൊരു ഭാഗ്യം ഉണ്ടായല്ലോ എന്നു പറഞ്ഞ് അഭിമാനിക്കയാണോ. ഒരു സൈക്കിളുപോലും വാങ്ങാൻ കഴിഞ്ഞിട്ടില്ലായിരുന്നു. കുടുംബപ്രാർത്ഥന നേരത്തെ നടത്തിയിട്ട് അപ്പനും അമ്മയും സീരിയൽ കാണുമ്പോൾ മകൻ മുറിയിൽ കമ്പ്യൂട്ടറിന്റെ മുമ്പിൽ പാതിരാവരെ ഇരിക്കുന്നതിന്റെ രഹസ്യം പിടികിട്ടിയോ? കർത്താവു പറഞ്ഞതെത്രയോ ശരി? നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവീൻ. ഈ തലമുറ വേറൊരു തലമുറ ആകാതിരിക്കട്ടെ. ●

# മാളികമുറി പ്രഭാഷണം - 10

ഡോ. ഒ.എം. സാമുവേൽ

ഹൃദയ കലക്കത്തിനുള്ള അടുത്ത പരിഹാര മാർഗ്ഗം എന്താണ്. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. പിതാവിന്റെ ഭവനമെന്ന് പറയുന്നത് സ്വർഗ്ഗത്തിലെ വാസസ്ഥലത്തെയുദ്ദേശിച്ചാണ്. യെരുശലേം ദൈവാലയത്തെ പിതാവിന്റെ ഭവനമെന്ന് കർത്താവ് വിളിക്കുന്നുണ്ട് (യോഹ. 2:16). എന്നാൽ ഇതിനെ യെഹൂദന്മാർ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു. മറ്റൊരു സന്ദർഭത്തിൽ നിങ്ങളുടെ ഭവനം എന്നാണ് ദൈവാലയത്തെ കണ്ടിട്ട് യേശു പറഞ്ഞത്. നിങ്ങളുടെ ഭവനം ശൂന്യമായി പോകുമെന്ന് കർത്താവ് പ്രവചിക്കുകയുണ്ടായി (മത്തായി 23:38). ദൈവാലയത്തെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തുവിന്റെ പ്രവചനം ആക്ഷരികമായി നിറവേറി. എന്നാൽ ഇവിടെ സ്വർഗ്ഗത്തിലെ നിത്യഭവനത്തെക്കുറിച്ചാണ് പറയുന്നത് (എബ്രാ.13:14). എബ്രായർക്ക് എഴുതിയ ലേഖനം ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമെന്നാണ് ഈ സ്ഥലത്തെ വിശേഷിപ്പിച്ചിരിക്കുന്നത് (12:22). വെളിപ്പാടു പുസ്തകത്തിൽ പുതിയ യെരുശലേമിനെക്കുറിച്ചും വായിക്കുന്നു. ഈ വിവരണങ്ങളെല്ലാം സ്വർഗ്ഗത്തിലെ നമ്മുടെ വാസസ്ഥലത്തോടുള്ള ബന്ധത്തിലാണ്. ആ പിതാവിന്റെ ഭവനത്തിൽ നാം വളരെ വേഗം എത്തിച്ചേരും. യോഹന്നാൻ ആ നഗരത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്. സമുദ്രം ഇനി ഇല്ല. രാത്രി അവിടെ ഇല്ല. യാതൊരു ശാപവുമില്ല. മരണമില്ലാത്ത പറുദീസയുടെ പളുങ്കുകൊട്ടാരം തന്നെ ഹൃദയകലക്കം മാറുവാനുള്ള നല്ല നിർദ്ദേശം.

കർത്താവ് വീണ്ടും പറയുന്നത് ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകയാണ്. കഴിഞ്ഞ 2000 വർഷങ്ങളായി നമ്മുടെ കർത്താവ് തന്റെ ജനത്തിന്നായി ഭവനമൊരുക്കുകയാണ്. ഒരുക്കിക്കഴിഞ്ഞാൽ കാഹളനാദത്തോടുകൂടി അവൻ വീണ്ടും വരും. വീണ്ടും വരുമെന്നുള്ള വാക്കുകൾ പ്രത്യാശയെ ശക്തിപ്പെടുത്തുന്ന വാക്കുകളാണ്. അനുഗ്രഹീതമായ വാഗ്ദത്തം. വീണ്ടും വരാമെന്ന് പറഞ്ഞു പോയിട്ടുള്ള നേതാക്കന്മാരാരുമില്ല. യേശുക്രിസ്തു സംശയലേശം കൂടാതെ ഹൃദയം കലങ്ങിയ ശിഷ്യഗണത്തോട് പറയുകയാണ് ഞാൻ വീണ്ടും വരും. അവനിരിക്കുന്ന സ്ഥലത്ത് നമ്മെ ഇരുത്തുന്നതിനുവേണ്ടിയാണ് അവൻ വരുന്നത്. യേശുക്രിസ്തു മരണാനന്തരം പുനരുത്ഥാനം ചെയ്തു ശിഷ്യന്മാരുടെ അടുക്കൽ വരുന്നതിനോടുള്ള ബന്ധത്തിൽ ഈ വാക്കുകൾ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ സഭയുടെ ഉൽപ്രാപണത്തോടുള്ള ബന്ധത്തിലാണ് ഈ വാക്കുകൾ യോജിക്കുന്നത്. ഈ സുവിശേഷത്തിൽ മാത്രമേ ഉൽപ്രാപണത്തെക്കുറിച്ചുള്ള സൂചനയുള്ളൂ. മറ്റു സുവിശേഷങ്ങളിൽ യേശുക്രിസ്തുവിന്റെ വരവിനെക്കുറിച്ച് പരാമർശമുണ്ട്. എന്നാൽ ആ വരവ് യേശുക്രിസ്തു രാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി വരുന്ന മഹത്വപ്രത്യാക്ഷതയെക്കുറിച്ചുള്ള വിശദീകരണങ്ങളാണ്. സമാനസുവിശേഷങ്ങളിൽ കർത്താവിന്റെ വരവ് എപ്പോഴായിരിക്കും സംഭവിക്കുകയെന്ന് ശിഷ്യന്മാർ ചോദിച്ചു. അവരുടെ ചിന്തയിൽ യേശുക്രിസ്തു രാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി വരുന്ന വരവാണ് സ്ഥാനം പിടിച്ചിരുന്നത്. സഭയ്ക്കു വേണ്ടിയുള്ള വരവിനെക്കുറിച്ചുള്ള ചോദ്യം അപ്രസക്തമാണ്. എന്നാൽ മാളികമുറിയിൽ യേശുക്രിസ്തു തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്ന സത്യങ്ങളാണ്. സഭയോടുള്ള ബന്ധത്തിലും പല കാര്യങ്ങൾ അവർക്ക് വിശദീകരിച്ചു നൽകുന്നുണ്ട്. ഞാൻ പോകുന്നയിടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു എന്നു പറയുമ്പോൾ സ്വർഗ്ഗത്തിലേക്കുള്ള വഴി അവർ അറിയുന്നു.

പൗലൊസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട ഒരു സംഭവം വിവരിക്കുന്നുണ്ട് (2 കൊരി.12:2-4). എന്നാൽ അവിടെ കണ്ട കാര്യങ്ങൾ ഒന്നും തന്നെ പൗലൊസ് വെളിപ്പെടുത്തിയിട്ടില്ല. തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്നത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ലയെന്നുള്ളത് എത്രയോ വാസ്തവമാണ് (2കൊരി. 2:9,10).

ഈ അദ്ധ്യായം വാഗ്ദാനങ്ങളുടെ അദ്ധ്യായമാണെന്നു പറയാം. യേശുക്രിസ്തു സഭയെ ചേർക്കുവാനായി സഭയ്ക്കുവേണ്ടി വരുമെന്നുള്ള വാഗ്ദാനം ഹൃദയം കലങ്ങിയിരിക്കുന്ന ശിഷ്യന്മാർക്കും തെല്ലൊരാശ്വാസം നൽകിയിട്ടുണ്ട് എന്നുള്ളതിന് സംശയമില്ല. ഈ അദ്ധ്യായത്തിന്റെ 12-ാം വാക്യത്തിൽ *"ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും."* ഇത് ആശ്വാസദായകമായ മറ്റൊരു വാഗ്ദാനമാണല്ലോ. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യുമെന്നുള്ളത് ചിന്തനീയമായ ഒരു പ്രസ്താവനയാണ്. യേശുക്രിസ്തു ചെയ്തതിലും വലിയ പ്രവൃത്തി ചെയ്യുമെന്നു കൂടി പറയുന്നുണ്ട്. ചിലർ ഇതിനു നൽകുന്ന വ്യാഖ്യാനം യേശുക്രുസ്തുവിന്റെ അത്ഭുത പ്രവർത്തികൾ തന്നിൽ വിശ്വസിക്കുന്ന ശിഷ്യന്മാർ യേശുക്രിസ്തുവിന്റെ അസാന്നിധ്യത്തിൽ ചെയ്യുമെന്നാണ്. യേശുക്രിസ്തു

വിന്റെ അസാന്നിധ്യത്തിൽ ശിഷ്യന്മാർ അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങളേക്കാൾ വലിയ അത്ഭുതങ്ങൾ ചെയ്തിട്ടില്ല എന്നുള്ളത് വളരെ വ്യക്തമാണ്. യേശുക്രിസ്തു ചെയ്തതിനേക്കാൾ വലിയ ശുശ്രൂഷയെന്നുള്ളത് ഈ ബന്ധത്തിൽ അന്വർത്ഥമാണ്. പെന്തക്കൊസ്തു നാളിൽ പത്രൊസിന്റെ പ്രസംഗം കൊണ്ട് മൂവായിരം പേർ രക്ഷയുടെ അവകാശികളായി തീർന്നല്ലോ? സുവിശേഷീകരണത്തോടുള്ള ബന്ധത്തിൽ കർത്താവിന്റെ പ്രവർത്തനത്തെക്കാൾ വലിയ പ്രവൃത്തി തന്നിൽ വസിക്കുന്നവരെക്കൊണ്ട് കർത്താവ് ചെയ്യിക്കുന്നു. അതിനാൽ യേശുക്രിസ്തുവിനേക്കാൾ ശിഷ്യന്മാരും ദൈവദാസന്മാരും കഴിവുള്ളവരാണെന്ന് ധരിക്കരുത്.

പ്രാർത്ഥനയുടെ ഒരു പുതിയ മാനദണ്ഡം 12,13 എന്നീ വാക്യങ്ങളിൽ കാണാം. നിങ്ങളെന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ചെയ്തുതരും. യേശുക്രിസ്തുവിന്റെ നാമത്തിന് എന്തെങ്കിലും പ്രത്യേക മാന്ത്രികശക്തിയുണ്ടെന്നുള്ള അർത്ഥത്തിലല്ല എന്റെ നാമത്തിൽ അപേക്ഷിക്കുക എന്നു പറഞ്ഞിരിക്കുന്നത്. പ്രാർത്ഥനയുടെ ഈ പുതിയ രീതി ഇവിടെയാണ് ആദ്യമായി കാണുന്നത്. ഈ നവീനരീതി മാളികമുറി പ്രഭാഷണത്തിൽ ആറ് പ്രാവശ്യം ആവർത്തിച്ച് വരുന്നുണ്ട്. (14:13,14; 15:16; 16:23,24,26) പഴയനിയമത്തിൽ അബ്രഹാമും ദാവീദും ദാനീയേലുമൊക്കെ യഹോവയോടും സ്വർഗ്ഗത്തിലെ ദൈവത്തോടുമാണ് പ്രാർത്ഥിച്ചിട്ടുള്ളത്. എന്നാൽ പുതിയനിയമ വിശ്വാസികൾക്ക് പിതാവായ ദൈവത്തോട് പുത്രനിൽ കൂടി പ്രാർത്ഥിക്കുവാനുള്ള അവകാശം ലഭിച്ചിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ പ്രതിനിധികളായിട്ടാണ് നാം പ്രാർത്ഥിക്കുന്നത്. പിതാവായ ദൈവത്തോടു മാത്രമേ പ്രാർത്ഥിക്കാവു എന്നില്ല. സ്തെഫാനോസ് യേശുക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നതായി അപ്പൊസ്തല പ്രവർത്തികളിൽ കാണുന്നുണ്ട് (7:59). യേശുക്രിസ്തു നമ്മുടെ മധ്യസ്ഥനുമാണല്ലോ.

തുടർന്നുള്ള വാക്യങ്ങളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള മഹനീയ വാഗ്ദത്തം കാണുന്നു (14:16–18). മാളിക മുറി പ്രഭാഷണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് ധാരാളം സത്യങ്ങൾ യേശുക്രിസ്തു വെളിപ്പെടുത്തുന്നു. ഈ സുവിശേഷത്തിൽ നിക്കൊദേമൊസിനോടു വ്യക്തിപരമായും പെന്തക്കൊസ്തുനാളിനോടുള്ള ബന്ധത്തിലും രണ്ടു പ്രാവശ്യം പരിശുദ്ധാത്മാവിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട് (3:5–8; 7:9). പരിശുദ്ധാത്മാവിനെ മറ്റൊരു കാര്യസ്ഥൻ (another comforter) എന്നു വിശേഷിപ്പിച്ചിരിക്കുന്നത് യോഹന്നാൻ മാത്രമാണ് (14:16 cf. 14:26; 15:26;16:7). ഇവിടെ ഉയോഗിച്ചിരിക്കുന്ന വാക്കിന്റെ യഥാർത്ഥ ആശയം കൂടെ നിന്നു സഹായിക്കുന്നവൻ (alongside to help) എന്നാണ്. പരിശുദ്ധാത്മാവ് വിശ്വാസിയോടു കൂടെ നിന്ന് സഹായിക്കും. എല്ലാ കാര്യങ്ങളും പരിശുദ്ധാത്മാവ് ചെയ്യും എന്നു വിചാരിച്ച് നാം നിഷ്ക്രിയരാകരുത്. ഒരു കാര്യസ്ഥന്റെ ശരിയായ പ്രവർത്തനശൈലിയും അങ്ങനെയുള്ളതാണ്. യജമാനന്റെ കൂടെ നിന്ന് എല്ലാ കാര്യങ്ങളിലും സഹായിക്കും.

യോഹന്നാന്റെ ലേഖനത്തിൽ യേശുക്രിസ്തുവിനെ കാര്യസ്ഥൻ (1 യോഹ.2:1) എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. കാര്യസ്ഥൻ എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്ന ഭാഗത്ത് മറ്റൊരു വാക്കാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. വക്കീൽ (advocate) എന്നാണ് ശരിയായ തർജ്ജമ. അതുപോലെ, വിശ്വാസിക്കു പകരം വിശ്വാസിയുടെ കേസ് വാദിക്കുന്ന സമർത്ഥനായ വക്കീലാണ് പരിശുദ്ധാത്മാവ്. മറ്റൊരു കാര്യസ്ഥൻ എന്നു പറഞ്ഞാൽ യേശുക്രിസ്തുവിന്റെ അസാന്നിധ്യത്തിൽ തന്നെപ്പോലെ തന്നെ എല്ലാ ഗുണഗണങ്ങളുമുള്ള മറ്റൊരാൾ എന്നാണർത്ഥം. പിതാവിനെപ്പോലെയും പുത്രനെപ്പോലെയും ദൈവത്വത്തിന്റെ എല്ലാ ഗുണഗണങ്ങളും പരിശുദ്ധാത്മാവിൽ നമുക്ക് കാണാൻ കഴിയും. അങ്ങനെയുള്ള പരിശുദ്ധാത്മാവിനെയാണ് നമുക്കു ലഭിച്ചിരിക്കുന്നത്.

പരിശുദ്ധാത്മാവിന് മറ്റൊരു പേരുകൂടി നാം കാണുന്നു. സത്യത്തിന്റെ ആത്മാവ്. യേശുക്രിസ്തു സത്യമായിരിക്കുന്നതുപോലെ പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്. വചനമാകുന്ന സത്യം സത്യത്തിന്റെ ആത്മാവിന്റെ പ്രവർത്തനഫലമാണല്ലോ. സത്യത്തിന്റെ ആത്മാവിന് വ്യാജവുമായി യാതൊരു ബന്ധവുമില്ല. ഈ സത്യത്തിന്റെ ആത്മാവ് നമ്മെ എല്ലാ സത്യങ്ങളിലും വഴി നടത്തുന്നവനാണ്.

ഈ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശദീകരണത്തിൽ രണ്ടു മൂന്നു ചെറിയ പദപ്രയോഗങ്ങൾ നാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. "എന്നേക്കും നിങ്ങളോടു കൂടെയിരിക്കേണ്ടതിന്, നിങ്ങളോടു കൂടെ വസിക്കയും, നിങ്ങളിൽ ഇരിക്കുകുയും" എന്നീ പദപ്രയോഗങ്ങളാണ് നാം ഗ്രഹിക്കേണ്ടത്. നിങ്ങളോടു കൂടെയിരിക്കുകയെന്നുള്ളതിന് (meta) നിങ്ങളുടെ മധ്യത്തിൽ ഇരിക്കുകയെന്ന ആശയമാണ്. നിങ്ങളോടു കൂടെ വസിക്കുക (para) നിങ്ങളുടെ സഹചാരിയായി (along side) വസിക്കുകയെന്ന

അർത്ഥമാണ്. നിങ്ങളിൽ (en) എന്നതിന്റെ അർത്ഥം നമ്മുടെ ഉള്ളിൽ എന്ന അർത്ഥമാണ്. പരിശുദ്ധാത്മാവിന്റെ സ്ഥിരമായ ശുശ്രൂഷയെ വ്യക്തമാക്കുന്ന പദപ്രയോഗങ്ങളായി ഇവയെ കാണണം. പഴയനിയമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉണ്ടായിരുന്നു എന്നുള്ള വസ്തുത ശരിയാണ്. എന്നാൽ പുതിയനിയമ വിശ്വാസികൾക്ക് ലഭിച്ചതുപോലെ സുസ്ഥിരമായ എന്നേക്കുമുള്ള ഒരു ശുശ്രൂഷാരീതി പഴയനിയമവിശ്വാസികൾക്കുണ്ടായിരുന്നില്ല എന്ന സത്യം ശ്രദ്ധേയമാണ്.

ലോകത്തിന് ഈ പരിശുദ്ധാത്മാവുമായി യാതൊരു ബന്ധവുമില്ല. ലോകത്തിന് (പാപികൾക്ക്) പരിശുദ്ധാത്മാവിനെ ലഭിക്കയില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനശൈലി ലോകത്തിന് ഗ്രഹിക്കാൻ കഴിയുകയില്ല. ലോകം യേശുക്രിസ്തുവിനെയും അറിഞ്ഞിട്ടില്ലല്ലോ? പരിശുദ്ധാത്മാവ് എപ്പോഴും പ്രവർത്തനനിരതമാണ്. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ലയെന്നുള്ള വാക്കുകൾ എത്രയോ ആശ്വാസമാണ്. നമ്മോടു കൂടെ വസിക്കുവാനും നമ്മിൽ വസിക്കുവാനും യേശുക്രിസ്തുവിന്റെ അസാന്നിധ്യത്തിൽ പരിശുദ്ധാത്മാവ് ഉണ്ട്. വിശ്വാസികൾ ഭൂമിയിൽ ഒരിക്കലും അനാഥരല്ല.

കുറഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല (വാക്യം 19). യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തോടുള്ള ബന്ധത്തിലുള്ള അർത്ഥവത്തായ ഒരു പ്രസ്ഥാവനയാണ് ഇത്. ലോകം അവസാനമായി യേശുക്രിസ്തുവിനെ കാണുന്നത് അരിമത്ഥ്യയിലെ യോസേഫും നിക്കോദിമോസും യേശുക്രിസ്തുവിന്റെ ശരീരം ക്രൂശിൽ നിന്നിറക്കി സുഗന്ധലേപനങ്ങൾ പൂശി തന്നെ അടക്കുമ്പോഴായിരുന്നു. ഇനി ലോകം യേശുക്രിസ്തുവിനെ കാണുന്നത്/അവൻ രാജാധിരാജാവായി കർത്താധികർത്താവായി ലോകത്തെ ന്യായം വിധിക്കാൻ വരുമ്പോഴായിരിക്കും. എന്നാൽ/ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം പുനരുത്ഥാനം ചെയ്ത കർത്താവിനെ അവർക്കു കാണുവാൻ സാധിച്ചു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം വിശ്വാസികളുടെ പുനരുത്ഥാനത്തിന്റെ ഉറപ്പാണല്ലോ? ഞാൻ ജീവിക്കുന്നത്കൊണ്ടു നിങ്ങളും ജീവിക്കുമെന്നുള്ള വാക്കുകൾ നമ്മുടെ പ്രത്യാശയെ ഉദ്ദീപിപ്പിക്കട്ടെ. ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നുള്ള അനുഗ്രഹീതവും ഹൃദ്യവുമായ ബാന്ധവരഹസ്യം അന്നു നാം അറിയും (14:20). അന്ന് എന്നു പറയുന്നത് ഏത് ദിവസത്തോടുള്ള ബന്ധത്തിലാണ്? പെന്തക്കൊസ്തു നാളിനോടുള്ള ബന്ധത്തിൽ എന്ന് ചിന്തിക്കുന്നതായിരിക്കും ഉചിതം. ചില വേദപഠിതാക്കൾ പുനരുത്ഥാനദിവസത്തോടുള്ള ബന്ധത്തിലാണെന്ന് വാദിക്കുന്നു. പെന്തക്കൊസ്തു ദിവസത്തെ പരിശുദ്ധാത്മ സ്നാനത്താലാണല്ലോ നമുക്കു കർത്താവായ യേശുക്രിസ്തുവുമായി അവന്റെ ശരീരത്തിന്റെ അവയവമായി മാറുന്നത്. അതുകൊണ്ട് അന്ന് എന്നുള്ളത് പെന്തക്കൊസ്തു ദിവസത്തെ സൂചിപ്പിക്കുന്നു എന്ന് കരുതുന്നതായിരിക്കും കൂടുതൽ സയുക്തികം.

21-ാം വാക്യത്തിൽ സ്നേഹവും അനുസരണവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു. എന്റെ കല്പനകൾ പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവനാകുന്നു. 23-ാം വാക്യത്തിൽ എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കുമെന്നു കാണുന്നു. ഇതു തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? കല്പനകൾ തിരുവചനത്തിലെ പ്രത്യേകമായ പ്രമാണങ്ങളാണ്. വചനമെന്നു പറയുന്നത് ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള മുഴുവചനത്തെയുമാണ്. കർത്താവിനോടുള്ള സ്നേഹം കല്പനകൾ പ്രമാണിക്കുന്നതിലും വചനം അനുസരിക്കുന്നതിലും അടങ്ങിയിരിക്കുന്നു. സ്നേഹിക്കുന്നതുകൊണ്ടുള്ള പ്രതിഫലം വളരെ വ്യക്തമാണ്. പിതാവിന്റെ സ്നേഹം അനുഭവവേദ്യമാകും. പരിശുദ്ധാത്മാവും ദൈവസ്നേഹവും തമ്മിലുള്ള അഭേദ്യമായ ബന്ധം കൂടി ഓർത്തിരിക്കണം. റോമാ ലേഖനം 3 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങളിൽ നീതികരണത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് പൗലൊസ് അപ്പൊസ്തലൻ വിവരിക്കുമ്പോൾ പറയുന്നത് നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു (5:5) എന്നാണ്. പകരപ്പെടുകയെന്നുള്ളതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് poured out എന്നാണ്. മോശെ പാറയെ അടിച്ചപ്പോൾ വെള്ളം പുറപ്പെട്ടു യെന്നുള്ളതിനും ഈ വാക്കു തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. അളവു കൂടാതെ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴുക്കിയിരിക്കയാണ്. ഈ സ്നേഹം നമുക്ക് മുമ്പ് ഇല്ലായിരുന്നു. അവന്റെ വാക്കുകൾ അനുസരിച്ച് ദൈവമക്കൾ ആകുമ്പോഴുണ്ടാകുന്ന വ്യതിയാനം എത്രയോ വിപ്ലവകരമാണ്.

അല്പം മുമ്പ് പരിശുദ്ധാത്മാവ് നമ്മിൽ വരികയും എന്നേക്കും വസിക്കയും ചെയ്യുമെന്നു നാം കണ്ടു കഴിഞ്ഞതാണല്ലോ. ഇപ്പോൾ ഇവിടെ പിതാവും പുത്രനും നമ്മിൽ വാസം ചെയ്യുന്നു (14:23). മറ്റൊരു വിധത്തിൽ പറഞ്ഞാൽ ത്രിയേക ദൈവത്തിന്റെ വാസസ്ഥലമായി നാം മാറുന്നു. ത്രിയേക ദൈവത്തിന്റെ ആലയമായി നാം തീരു

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-10

ജേക്കബ് തോമസ്, മാവേലിക്കര

## X. തിമൊഥെയൊസിനുള്ള പ്രായോഗിക നിർദ്ദേശം (1 തിമൊ. 3:14-16)

*"ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്ന് ആശിക്കുന്നു. താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു. അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്ക് പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു."*

**1. ദൈവത്തിന്റ ആലയമാകുന്ന സഭ (3:14,15)**
ഇവിടെ പൗലൊസ് സഭയെ ജീവനുള്ള ദൈവത്തിന്റെ ആലയമായി ചിത്രീകരിക്കുന്നു. ജീവനില്ലാത്ത വിഗ്രഹങ്ങളെ ആരാധിക്കുന്ന ആലയങ്ങളെപ്പോലെയല്ല ജീവനുള്ള ദൈവത്തിന്റ സഭ. ജീവനുള്ള ദൈവത്തിന്റെ സഭയിൽ വർത്തിക്കുന്നതിന് ചില നിബന്ധനകളും ക്രമങ്ങളുമുണ്ട് എന്നത് ഓർത്തിരിക്കേണ്ടതാണ്. ജീവനുള്ള ദൈവത്തിന്റെ ആലയമാണ് സഭ എന്ന കാര്യം മറക്കാൻ പാടില്ല. കാരണം, ദൈവം സഭയിലെ കാര്യങ്ങൾ വളരെ ഗൗരവത്തോടെ കാണുന്നു. മാത്രമല്ല, ദൈവത്തിന്റ സഭയെ ലാഘവബുദ്ധിയോടെ കാണുന്നവരെ ദൈവം ശിക്ഷിക്കാതെ വിടുകയുമില്ല.

ജീവനുള്ള ദൈവത്തിന്റെ ആലയമായ സഭയെക്കുറിച്ച് പൗലൊസ് പറയുന്നത് അത് *സത്യത്തിന്റെ തൂണും, അടിസ്ഥാനവും* എന്നാണ്. ലോകത്തിൽ ദൈവീകസത്യങ്ങളെ ഉയർത്തിക്കാട്ടുന്നത് ദൈവത്തിന്റെ സഭയാണ്. ശാസ്ത്രീയ, സാങ്കേതിക, ആശയവിനിമയ രംഗങ്ങളിൽ മനുഷ്യൻ മികവുള്ളവനാണ് എങ്കിലും ആത്യന്തികമായ സനാതനസത്യങ്ങളുടെ കാര്യത്തിൽ മനുഷ്യൻ അജ്ഞതയിലാണ്. സത്യം തേടിയുള്ള മനുഷ്യന്റെ അലച്ചിലിന് വിരാമമിടുവാനാണ് ക്രിസ്തു ലോകത്തിൽ വന്നത്. ഞാനാണ് സത്യമെന്ന് അരുളിച്ചെയ്ത ക്രിസ്തുവിനെ ഉയർത്തിക്കാട്ടുകയാണ് സഭയുടെ ദൗത്യം. സത്യം തേടിയലയുന്ന ചില മനുഷ്യജീവിതങ്ങൾക്ക് ക്രിസ്തുവിനെ ഉയർത്തിക്കാട്ടുവാൻ താങ്കളുടെ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ? ചിന്തിക്കുക. ഒന്നാം നൂറ്റാണ്ടിൽ പരസ്യസ്ഥലത്തുള്ള തൂണുകൾ പല പരസ്യങ്ങൾക്കും രാജകീയ വിളമ്പരങ്ങൾ പ്രസിദ്ധപ്പെടുത്തന്നതിനും ഉപയോഗിച്ചിരുന്നു. സത്യത്തിന്റെ തൂണായ ദൈവസഭയുടെ ചുമതലയും ഇതു തന്നെയാണ്. ലോകരക്ഷിതാവായ ക്രിസ്തുവിനെയും ദൈവത്തിന്റെ തിരുവചനസത്യങ്ങളേയും സമൂഹത്തിൽ ഉയർത്തിക്കാട്ടുക എന്നതായിരിക്കട്ടെ സ്ഥലം സഭകളുടെ ലക്ഷ്യം.

**2. ദൈവഭക്തിയുടെ മർമ്മമാകുന്ന ക്രിസ്തു (3:16)**. ദൈവഭക്തിയുടെ മർമ്മം എന്ന് പറയുന്നതിനാൽ ഇത് അതീവ രഹസ്യമാണ് എന്ന് ചിന്തിക്കരുത്. കാരണം, ക്രിസ്തു ഒരു രഹസ്യമല്ല. അവനെക്കുറിച്ച് പൗലൊസ് എഴുതുമ്പോൾതന്നെ എല്ലാവർക്കും ക്രിസ്തുവിനെക്കുറിച്ചുള്ള അറിവുണ്ടായിരുന്നു. ദൈവഭക്തിയുടെ മർമ്മമായ ക്രിസ്തു മഹത്വവാനും, അതിശവുമാണ് എന്ന അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവഭക്തിയുടെ മർമ്മമായ ക്രിസ്തുവിനെ തള്ളിക്കളഞ്ഞിട്ട് വചന വിരുദ്ധമായ കൂട്ടങ്ങളിലേക്കും ധ്യാനകേന്ദ്രങ്ങളിലേക്കും ഓടിയവരുടെ അവസ്ഥ എത്ര ശോചനീയമാണ് എന്നറിഞ്ഞിട്ടും

ന്നു. എത്രയോ അത്ഭുതകരമായ തിരുവചന സത്യം. നാം ദൈവവചനത്തെ സ്നേഹിക്കയും അതിലെ പ്രമാണങ്ങൾ അനുസരിക്കയും ചെയ്യുമ്പോൾ ദൈവവുമായി നമുക്കുള്ള കൂട്ടായ്മയുടെ മാധുര്യം ആഴമായ നിലയിൽ ആസ്വദിക്കാൻ കഴിയും. ഈ സത്യം പഴയനിയമത്തിലെ ഒരു സംഭവത്തിന്റെ വെളിച്ചത്തിൽ നമുക്കു ഗ്രഹിക്കാൻ കഴിയും. ഉല്പ.18,19 എന്നീ അദ്ധ്യായങ്ങളിൽ അബ്രാഹാമിന്റെയും ലോത്തിന്റെയും അടുക്കൽ ദൈവദൂതന്മാർ പ്രത്യക്ഷപ്പെടുന്ന കാര്യം നാം വായിക്കുന്നു. അത് പഴയനിയമത്തിലെ ക്രിസ്തുവിന്റെ വെളിപ്പാടായിട്ടാണ് വേദപഠിതാക്കൾ പരിഗണിക്കുന്നത്. ഏതായാലും മൂന്നു പേരാണ് അബ്രാഹാമിന്റെ കൂടാര വാതിലിന്റെ സമീപത്തുവന്നത്. അബ്രാഹാമിന്റെ ആത്മാർത്ഥത നിറഞ്ഞ ആതിഥ്യം അവർ സ്വീകരിക്കുന്നു. അവരിൽ ഒരാൾ ക്രിസ്തു തന്നെയായിരുന്നു. അബ്രാഹാം നൽകുന്ന ഭക്ഷണം കഴിച്ച് സന്തോഷിക്കയും ഉണ്ടാകാൻ പോകുന്ന ന്യായവിധിയെക്കുറിച്ചും അബ്രാഹാമിനോട് സംസാരിക്കുന്നു. എന്നാൽ ലോത്തിന്റെ അടുക്കൽ പോകുന്നത് കേവലം രണ്ടു ദൂതന്മാർ മാത്രമാണ്. അവർക്ക് അവിടെയുണ്ടാകുന്ന അനുഭവങ്ങളും അബ്രാഹാമിന്റെ അടുത്തുണ്ടായ അനുഭവവും തമ്മിൽ എന്തൊരു അന്തരം. ദൈവത്തിന്റെ വചനം അനുസരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ദൈവം നമ്മോടുകൂടെ വാസം ചെയ്യുന്നത് നമുക്ക് അനുഭവവേദ്യമായിത്തീരും **(തുടരും).**

# ആരാധന പുതിയ നിയമത്തിൽ

എസ്. ജി. ഗിൽബർട്ട്, ആറാമട

**A. ക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെ.**

പഴയനിയമ ആരാധന യാഗവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നു. യാഗങ്ങൾ എല്ലാം വിരൽ ചൂണ്ടുന്നത് ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാടിനെയാണ്. ദൈവകുഞ്ഞാടായ കർത്താവ് മനുഷ്യനായി ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ അവനു ലഭിച്ച പേരുകളിൽ ഒന്ന് ഇമ്മാനുവേൽ എന്നാണ്. ദൈവം നമ്മോടുകൂടെ എന്നാണ് ആ വാക്കിന്റെ അർത്ഥം. സാക്ഷാൽ ദൈവം മനുഷ്യനായി മന്നിൽ ജഡത്തിൽ ഉണ്ടായിരുന്നപ്പോൾ അവൻ എങ്ങനെ ആരാധന സ്വീകരിച്ചുയെന്നു പരിശോധിക്കാം.

**1. ക്രിസ്തു പിതാവിനെ ആരാധിക്കാനായി നിർദ്ദേശിക്കുന്നു.**

"സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു" (യോഹ 4:23). യേശുക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ തന്നെ അയച്ച പിതാവിനെ മഹത്വപ്പെടുത്തുവാനായി പറയുന്നു. കർത്താവ് സാത്താനോട് മറുപടി പറഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞു. "നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവൂ" (ലൂക്കൊസ്. 4:8). എന്നെ നിങ്ങൾ ആരാധിക്കണം എന്ന് കർത്താവ് പറയുന്നില്ല. എന്നാൽ എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്നു പറയുന്നു (യോഹ 14:9). ഞാനും പിതാവും ഒന്നാകുന്നു (യോഹ 10:30). പിതാവിനെ ഒരുവൻ ആരാധിക്കുമ്പോൾ പിതാവിനൊപ്പം പുത്രനും മഹത്വപ്പെടുന്നു. അതോടൊപ്പം ആരാധിക്കപ്പെടുന്നു.

**2. ക്രിസ്തു ആരാധന സ്വീകരിക്കുന്നു.**

എന്നെ നിങ്ങൾ ആരാധിക്കണമെന്ന് ക്രിസ്തു ആരോടും ആവശ്യപ്പെട്ടിട്ടില്ല. പിതാവ് ആരാധന സ്വീകരിക്കുന്നതുപോലെ തന്നെ ക്രിസ്തുവും ഭൂമിയിൽ വെച്ച് ആരാധന സ്വീകരിക്കുന്നതായി കാണാൻ സാധിക്കും. പല നിലയിലുള്ളവർ ക്രിസ്തുവിനെ ആരാധിക്കുന്നു.

a. വിദ്വാന്മാരുടെ ആരാധന

യേശുകുഞ്ഞിനെ കാണുവാൻ വന്ന വിദ്വാൻമാർ രക്ഷിക്കപ്പെട്ടവരായിരുന്നുയെന്നു പറയുവാൻ സാധിക്കയില്ല. താൻ ദൈവം എന്ന നിലയിൽ സൃഷ്ടികളിൽ ആർക്കും അവനെ ആരാധിക്കാം. എല്ലാ ആരാധനയും അവൻ സ്വീകരിക്കണമെന്നില്ല. വിദ്വാന്മാരുടെ ആരാധനയിൽ പ്രധാനമായി രണ്ട് ഘടകങ്ങൾ ഉണ്ട്.

(1) വീണു അവനെ നമസ്കരിച്ചു (മത്തായി 2:11)

സാഷ്ടാംഗം വീണു നമസ്കരിക്കുന്നത് ആരാധകന്റെ വിനയത്തെയും ഉള്ളിലുള്ള ഭാവത്തിന്റെ

---

ഇന്നും ക്രൈസ്തവഗോളത്തിലുള്ളവർ ജീവന്റെ ഉറവയായ ക്രിസ്തുവിനെ വിട്ടിട്ട് പൊട്ടകിണറുകൾ തേടി അലയുന്നു. അവരെ തെറ്റിക്കുവാൻ കച്ച കെട്ടിയിറങ്ങിയിരിക്കുന്ന വിരുതന്മാരെക്കുറിച്ച് പൗലോസ് പറയുന്നത് *അവർ ദൈവഭക്തി ആദായസൂത്രം എന്ന് വിചാരിക്കുന്നു* എന്നാണ് (1 തിമൊ. 6:5).

ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയുടെ ആത്മീയ ഗീതമായിരുന്നു ഈ വാക്യം. കർത്താവായ യേശു ക്രിസ്തുവിന്റെ ജനനം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ കാര്യങ്ങളാണ് ഈ വാക്യത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടു (യോഹ. 1:14; ഗലാ.4:4). ഇത് ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യത്തെ പ്രസ്താവിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ ആധാരശിലയായ ക്രിസ്തുവിന് 2000 വർഷത്തെ ചരിത്രമല്ല ഉള്ളത്. ദൈവം മനുഷ്യനായി എന്ന ഏറ്റവും പ്രാധാന്യമേറിയ വസ്തുതയാണ് ക്രിസ്തീയ വിശ്വാസത്തെ നിസ്തുല്യമാക്കുന്നത്. ക്രിസ്തു ആത്മാവിൽ നീതീകരിക്കപ്പെട്ടു; ക്രിസ്തുവിന്റെ അവകാശ പ്രഖ്യാപനങ്ങൾ സത്യമാണെന്ന് തെളിഞ്ഞത് അവന്റെ പുനരുത്ഥാനത്തിലൂടെയാണ്. മനുഷ്യരാൽ തള്ളപ്പെടുകയും, നിന്ദിക്കപ്പെടുകയും ചെയ്ത ക്രിസ്തു ദൈവപുത്രനാണ് എന്ന് വ്യക്തമാക്കപ്പെട്ടത് പുനരുത്ഥാനത്തിലൂടെയാണ് (റോമർ 1:5). ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെടുകയും, ലോകത്തിൽ വിശ്വസിക്കപ്പെടുകയും ചെയ്ത ഏക നാമം ആണ് ക്രിസ്തുവിന്റെ നാമം. ഞാൻ ഈ ലേഖനമെഴുതുമ്പോൾത്തന്നെ എണ്ണമറ്റ ജനകോടികൾ ക്രിസ്തുവിനായി പാടുന്നു, പ്രസംഗിക്കുന്നു, പുസ്തകങ്ങൾ എഴുതുന്നു. ഈ നിസ്തുല്യ സന്ദേശത്തെ അവഗണിക്കുന്നവൻ ചരിത്രത്തെയാണ് നിഷേധിക്കുന്നത്. മാത്രമല്ല, അവൻ തേജസ്സിൽ എടുക്കപ്പെട്ടവനും കൂടെയാണ്. അങ്ങനെ സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് ഇന്നും നമുക്കായി പിതാവിന്റെ സന്നിധിയിൽ ശുശ്രൂഷിക്കുന്നു. കണ്ണുനീരും, നിരാശയും മാത്രം ബാക്കി പത്രമായി തന്നിട്ടുപോകുന്ന ഒരു ലോകനേതാവല്ല ക്രിസ്തു. നിസ്തുല്യ പ്രഭാവവാനായി പുനരുത്ഥാനം ചെയ്യുകയും, തേജസ്സിന്റെ പ്രഭാവലയത്തിൽ തന്റെ ശിഷ്യന്മാരിൽ നിന്ന് വേർപെടുകയും ചെയ്ത ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവർക്കായി വീണ്ടും വരുന്നു. **(തുടരും).**

ബാഹ്യമായ പ്രകടനത്തെയും വിരൽ ചൂണ്ടുന്നു. അമ്മയോടുകൂടെ കണ്ട കൊച്ചു കുഞ്ഞിനെ ദൈവമെന്നു കണ്ടു അവർ അവനെ നമസ്ക്കരിച്ചു.

(2) കാഴ്ച വെച്ചു.

ആരാധന ചെലവ് ചെയ്തുള്ള ഒരു വിഷയമാണ്. ആരാധകന്റെ ഹൃദയം തുറന്ന് തന്നെത്തന്നെ ദൈവത്തിനു പൂർണ്ണമായി നൽകി സ്തുതിയും സ്തോത്രവും ആദ്യം അർപ്പിച്ചു. തുടർന്ന് തങ്ങൾക്കുള്ളതിൽ ഏറ്റവും വിലപ്പെട്ടതും മെച്ചമായതും ദൈവത്തിനു നൽകി നമസ്കരിക്കുന്നു. അത് അവന്റെ സന്നിധിയിൽ നൽകിയ കാണിക്കയാണ്. അവൻ രാജാധിരാജനായതിനാൽ പൊന്നും കുന്തുരുക്കവും മൂരും കാഴ്ച വെച്ചു.

b. ഒരു കുഷ്ടരോഗി വന്നു അവനെ നമസ്ക്കരിച്ചു (മത്തായി. 8:2)

c. ഒരു പ്രമാണി വന്നു അവനെ നമസ്ക്കരിച്ചു (മത്തായി. 9:18)

d. പടകിലുള്ളവർ, നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞു അവനെ നമസ്ക്കരിച്ചു (മത്തായി. 14:33). കർത്താവിന്റെ ശിഷ്യന്മാർ അവനെ നമസ്കരിക്കുന്നതാണ് ഇവിടുത്തെ വിഷയം.

e. ഒരു കനാന്യ സ്ത്രീ കർത്താവിന്റെ അടുക്കൽ വന്നിട്ട് സഹായത്തിനായി അപേക്ഷിച്ചു. അതോടൊപ്പം അവനെ നമസ്കരിച്ചു (മത്തായി. 15:25)

f. സെബെദിപുത്രന്മാരുടെ അമ്മ പുത്രന്മാരുമായി അവന്റെ അടുക്കെ വന്നു നമസ്ക്കരിച്ചു (മത്തായി 20:20)

g. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ട ശിഷ്യന്മാർ അടുത്തു ചെന്നു അവന്റെ കാൽ പിടിച്ചു അവനെ നമസ്കരിച്ചു (മത്തായി 28:9-10, 17)

h. പിശാചുക്കൾ യേശുവിനെ കണ്ടിട്ട് നിലവിളിച്ചു അവനെ നമസ്ക്കരിച്ചു (ലൂക്കൊസ് 8:28)

**3. ക്രിസ്തു ആരാധിക്കപ്പെടണമെന്നുള്ളത് പിതാവാം ദൈവത്തിന്റെ ആഗ്രഹമാണ്.**

“ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം” (എബ്രാ. 1:6) “അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായ് ഏറ്റു പറയുകയും ചെയ്യേണ്ടി വരും (ഫിലി. 2:10-11; യെശ. 45:21-23; യോഹ. 5:22,23)

ത്രിത്വത്തിൽ രണ്ടാമനായ പുത്രനെ മാറ്റി നിറുത്തിയിട്ട് പഴയനിയമ വിശുദ്ധന്മാർക്ക് ആർക്കും തന്നെ പിതാവായ ദൈവത്തെ ആരാധിക്കുവാൻ സാദ്ധ്യമല്ല. യേശുക്രിസ്തു ജഡം ധരിച്ച് മന്നിൽ ജീവിച്ച കാലഘട്ടത്തിൽ താൻ ദൈവം ആയതിനാൽ മനുഷ്യരിൽ നിന്നും നേരിട്ട് ആരാധന സ്വീകരിച്ചിരുന്നു. അതിനുള്ള അധികാരവും അവകാശവും കർത്താവിനുണ്ടായിരുന്നു.

ദൈവം ജഡം ധരിച്ച ക്രിസ്തുവായി ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ യാതൊരു യാഗവും കൂടാതെ നേരിട്ട് അവനെ നമസ്കരിക്കാമായിരുന്നു. അവിടെ കർത്തൃമേശയ്ക്ക് സ്ഥാനമില്ല. യാതൊരു മാദ്ധ്യമവും കൂടാതെ ഇമ്മാനുവേലിൽക്കൂടി പിതാവായ ദൈവത്തെ ആരാധിക്കാം. ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോഴും പിതാവായ ദൈവത്തെ ക്രിസ്തുവിനെ കൂടാതെ ആരാധിക്കുവാൻ വ്യവസ്ഥ കാണുന്നില്ല. ഇനി ഭാവിയിൽ നിതൃത മുഴുവനും പിതാവായ ദൈവത്തെ ആരാധിക്കുമ്പോഴും അറുക്കപ്പെട്ട കുഞ്ഞാടിനെ കൂടാതെ ആരാധന നടക്കുകയില്ല.

യേശുക്രിസ്തുവിന്റെ ഐഹിക കാലഘട്ടത്തിൽ ആരൊക്കെ ക്രിസ്തുവിനെ നമസ്കരിച്ചോ അവരെല്ലാം മനുഷ്യവർഗ്ഗത്തിന്റെ പാപം ചുമന്ന് ക്രൂശിൽ മരിക്കാൻ പോകുന്ന കർത്താവിനെ ഹൃദയത്തിൽ കണ്ടാണ് ആരാധിച്ചിരുന്നത്. അങ്ങനെ ക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെ ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിനെ നേരിൽ കണ്ട് മനുഷ്യർ ആരാധിച്ചിരുന്നു. (തുടരും)

## മഹത്വത്തിൽ

**തൃശൂർ :** ഇരവിമംഗലം ഇടക്കളത്തൂർ ഇ.പി. ഡേവീസ് (51) താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം 15-07-08 മണ്ണുത്തി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ പറവട്ടാനി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക. എന്ന് സഭയ്ക്കു വേണ്ടി, ഇവാ. വിൽസൻ ജോർജ്ജ്.

**കുമ്പനാട് :** ഇരവിപേരൂർ ശങ്കരമംഗലത്ത് പാലമൂട്ടിൽ (ഗിലയാദ് ഗാർഡൻസ്) പരേതനായ ജേക്കബ് ഫിലിപ്പിന്റെ ഭാര്യ മറിയാമ്മ (83) 5-7-08 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം 11-7-08 ന് കുമ്പനാട് ബ്രദറൺ സഭയുടെ ചുമതലയിൽ അനേക ബന്ധുമിത്രാദികളുടെയും ദൈവമക്കളുടെയും സാന്നിദ്ധ്യത്തിൽ ആശ്വാസസന്ദേശങ്ങൾക്കുശേഷം ബ്രദറൺ സഭാ സെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടുംകാണാമെന്നുള്ള പ്രത്യാശയിൽ നടത്തപ്പെട്ടു. ദുഃഖിതരായിരിക്കുന്ന മക്കളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമെ.

**ആറാമട :** പരേതനായ വൈ. എസക്കിയേൽ സാറിന്റെ ഭാര്യ ചെല്ലമ്മ എസക്കിയേൽ (89) 29-7-08 വെളുപ്പിനെ 1.45 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ 2-8-08 ന് 9.30 മണിക്ക് ഭവനത്തിൽ ആരംഭിക്കുകയും തുടർന്ന് ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയിൽ വീട്ടുവളപ്പിൽ സംസ്കരിക്കുകയും ചെയ്തു. ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും.

# "വാഗ്ദത്തം ചെയ്ത ദൈവം വിശ്വസ്തൻ"

ഗിരിജ ജോസഫ്, അട്ടപ്പാടി

ഉൽപ്പത്തി 12-ാം അദ്ധ്യായത്തിൽ ദൈവവിളി കേട്ട് ഇറങ്ങിത്തിരിച്ച അബ്രാഹാമിനെയും കുടംബത്തെയും നമുക്ക് കാണുവാൻ കഴിയും. ദൈവം അബ്രാഹാമിനോടാണ് കാര്യങ്ങൾ അറിയിച്ചത് (12:1-3). സാറാ ദൈവിക വിളി അനുസരിച്ച് ബന്ധുക്കളെയും ചാർച്ചക്കാരെയും വിട്ട് ഭർത്താവായ അബ്രാഹാമിനോടു കൂടെ ഇറങ്ങിത്തിരിച്ചു. ദൈവം ആ കുടുംബത്തെ കനാനിൽ കൊണ്ടുവന്നു. (വാ-5). ദേശം മുഴുവൻ ചുറ്റി സഞ്ചരിച്ചു. അവിടെ വെച്ച് ദൈവം തനിക്ക് പ്രത്യക്ഷനായി. ഈ ദേശം തന്റെ സന്തതിക്ക് കൊടുക്കുമെന്ന് അരുളിച്ചെയ്തു (വാ. 7). എന്നാൽ മക്കളില്ലാത്ത അബ്രാഹാമിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അബ്രാഹാമിന്റെ മറുചോദ്യം 15:2-3 വാക്യങ്ങളിൽ കാണാം. "കർത്താവായ യഹോവേ നീ എനിക്ക് എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ. എന്റെ അവകാശി ദമ്മേശെക്കുകാരനായ ഈ എല്യേസർ അല്ലയോ?" "അവനല്ല നിന്റെ ഉദരത്തിൽ നിന്ന് പുറപ്പെടുന്നവൻ തന്നെ നിന്റെ അവകാശിയാകും" എന്ന് ദൈവം അവനോട് അരുളിച്ചെയ്തു. ദൈവം അവനെ പുറത്തുകൊണ്ടുവന്ന് ദൈവമഹത്വം കാണിച്ചു കൊടുത്തു. "നീ ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കുക, എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക. നിന്റെ സന്തതി ഇങ്ങനെയാകും" എന്നും ദൈവം അരുളിച്ചെയ്തു (വാ. 5,6). അബ്രാഹാം അത് വിശ്വസിച്ചു.

എങ്കിലും സാറാ ദൈവിക വാഗ്ദത്തത്തിനായി കാത്തിരിക്കാതെ തന്റെ ദാസിയെ അബ്രാഹാമിന് ഭാര്യയായി കൊടുത്തു (16:1-3). അബ്രാഹാമിനെ യജമാനനെ എന്നു വിളിച്ചു കീഴടങ്ങിയിരുന്ന, ദൂതന്മാരെ സൽക്കരിച്ച, സാറാ ഒരു ദുർബല നിമിഷത്തിൽ സ്വന്തം ഭർത്താവിനെ മറ്റൊരു സ്ത്രീക്കു കൊടുത്തു. വാഗ്ദത്തം ചെയ്ത ദൈവം അത് നിവർത്തിക്കും എന്നു വിശ്വസിച്ചു. എങ്കിലും അതിനായി കാത്തിരിക്കാതെ തിടുക്കം കൂട്ടിയതിനാൽ ദാസിയിൽ നിന്നും സദാ കലഹിക്കുന്ന ഒരു ജാതി (യിശ്മായേല്യർ) ഉണ്ടാകുവാൻ ഇടയായി (16:12).

കനാനിൽ വന്ന് ചില വർഷങ്ങൾക്കുശേഷമാണ് കുടുംബത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചത്. അതുവരെ എത്ര സന്തോഷമായി കഴിഞ്ഞ കുടുംബം ഇപ്പോൾ സാറാ ഹാഗറിനു മുന്നിൽ നിന്ദിതയായി ത്തീർന്നു (16:4). തെറ്റായ തീരുമാനം പ്രശ്നങ്ങൾക്ക് കാരണമായി (21:8-10). കുടുംബത്തിലെ സന്തോഷത്തെ അത് തല്ലിക്കെടുത്തി.

അബ്രാഹം ദൈവത്തോട് അലോചന ചോദിക്കാതെ സാറായുടെ വാക്ക് കേട്ടതുകൊണ്ട് താനും മാനസിക പീഡനം ഏൽക്കേണ്ടി വന്നു. മകനെ ഭവനത്തിൽ നിന്നും പുറത്താക്കേണ്ടി വന്നു (21:11,12). ഒരു പിതാവ് എന്ന നിലയിൽ എത്ര വേദനാജനകം. സന്തോഷവും സംതൃപ്തിയും സമാധാനവും അനുഭവിച്ച കുടുംബം ഇപ്പോൾ നീറിപുകയുകയാണ്. എന്താണ് ഒരുപരിഹാരം. സാറായുടെ ദൈവഹിതപ്രകാരമല്ലാത്ത തീരുമാനം കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് മുഖാന്തിരമായി. ആദം അല്ല സ്ത്രീയത്രെ (ഹവ്വ)വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത് (1 തിമൊ. 2:14); ഹവ്വ എടുത്ത തീരുമാനം മാനവരാശിയെ മുഴുവൻ പാപത്തിന്റെ അടിമകളാക്കിതീർത്തു.

പ്രിയ സഹോദരിമാരേ നാമും ഇതുപോലെ പല കാര്യങ്ങളിലും തിടുക്കം കാണിക്കാറില്ലേ? മക്കളുടെ കല്ല്യാണക്കാര്യത്തിലൊക്കെ പലപ്പോഴും ദൈവഹിതമാണോ എന്ന് അന്വേഷിക്കാതെ പുറം കാര്യങ്ങൾ കണ്ട് അതിലാശ്രയിക്കുന്നവരല്ലേ നാം. അതിന്റെ ഫലമോ? സന്തോഷമില്ലാത്ത കുടുംബങ്ങൾ ജനിക്കുന്നു. പണത്തിനും പ്രശസ്തിക്കുമായി കുറുക്കു വഴികൾ തേടാൻ ഭർത്താക്കന്മാർക്ക് ആലോചന പറഞ്ഞു കൊടുക്കാറില്ലേ? ദൈവത്തിലാശ്രയിക്കാതെയും ശരിയായ ആലോചനയില്ലാതെയും നാം എടുക്കുന്ന തീരുമാനങ്ങൾ പല അപകടങ്ങളും ക്ഷണിച്ചു വരുത്താൻ ഇടയാകും. മറന്നു പോകരുത്.

വാഗ്ദത്തം ചെയ്ത ദൈവം വിശ്വസ്തൻ ദൈവത്തിന്റെ സമയത്തിനായി അവന്റെ കൈക്കീഴിൽ നമുക്ക് താണിരിക്കാം കാത്തിരിക്കാം. ●

## ബ്രദറൺ ബൈബിൾ കോളജുകൾക്ക് 'ആക്റ്റ്സ്' അംഗീകാരം

ബ്രദറൺ ബൈബിൾ കോളജുകൾക്ക് തിരുവചനാനുസൃതം പ്രവർത്തിക്കുന്ന മറ്റ് ദൈവശാസ്ത്ര പഠന കേന്ദ്രങ്ങൾക്കും അക്രഡിറ്റേഷൻ നൽകാൻ പുതിയ ഏജൻസി നിലവിൽ വന്നു. ACTS എന്നറിയപ്പെടുന്ന ഈ ഏജൻസിയുടെ ബോർഡ് ചെയർമാനായി ഡോ. സൈലസ് സി. നായർ പ്രവർത്തിക്കും. ഡോ. ഒ.എം. സാമുവേൽ, കെ.എ. ഫിലിപ്പ്, റ്റി.ജെ. ജോസഫ്, എം. വി. ബാബു, ഡോ. കെ.സി. ജോൺസൺ, സണ്ണി റ്റി. ഫിലിപ്പ് എന്നിവരാണ് അംഗങ്ങൾ. ബി.ബി.ഐ. പത്തനംതിട്ട, വേൾഡ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് കല്ലിശ്ശേരി നോർത്ത് ഇൻഡ്യ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആൽവർ എന്നീ സ്ഥാപനങ്ങൾക്കാണ് പ്രാരംഭമായി ACTS അംഗീകാരം ലഭിച്ചിരിക്കുന്നത്. ACTS അംഗീകാരം ആവശ്യമുള്ള ബൈബിൾ കോളജുകൾക്കും ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും www.actsindia.info എന്ന വെബ്സൈറ്റിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.

# ആ കാലത്ത്

ഗോഡ്‌ലി പി.എസ്സ്., ബഹ്റൈൻ

**ന്യാ**യത്തിനു അധിപതിയാകേണ്ടുന്ന ന്യായാധിപന്മാരുടെ പരാജയം സംഭവിച്ച കാലം. ന്യായം അന്യായത്തിനു വഴിമാറിയ കാലം. ദൈവത്തിന്റെ സ്വജനമായ യിസ്രായേൽ തങ്ങളുടെ ദാതാവ് നൽകിയ, പാലും തേനും ഒഴുകുന്ന വാഗ്ദത്ത ഭൂമിയിൽ വസിക്കുന്ന കാലം. ദൈവത്തിന്റെ പുരോഹിതനായ ഏലി ശുശ്രൂഷ ചെയ്തിരുന്ന, ആ പുരോഹിതന്റെ ആത്മീയ, ഭൗമിക കണ്ണുകൾ മങ്ങിയ കാലം. ചില ജീവനുള്ള സാക്ഷ്യത്തിനു ഉടമകളായ ആത്മീയ മല്ലന്മാരുണ്ടായിരുന്ന കാലം. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ എന്ന മഹത്‌വചനം 2 വട്ടം ശരിയെന്ന് പ്രഖ്യാപിച്ച ജീവനുള്ള സാക്ഷികൾ ജീവിച്ചിരുന്ന കാലം. ദൈവത്തിന്റെ വാസസ്ഥലമായ സമാഗമനകൂടാരം ശീലോവിൽ സ്ഥാപിച്ചിരുന്ന കാലം. ലോകാരംഭം മുതൽ ധർമ്മവും അധർമ്മവും സത്യവും അസത്യവും ന്യായവും അന്യായവും തമ്മിലുള്ള പോരാട്ടം ഉണ്ടായിരുന്നതുപോലെ ഇവിടെയും 2 കൂട്ടർ. ഒരു കൂട്ടർക്ക് ദർശനമില്ലാതിരുന്നതും മറ്റൊരുവനു ദർശനമുണ്ടായിരുന്നതുമായ കാലം. ദൈവിക ദർശനത്തിന്റെ അഭാവവും ആവർത്തനവും. ആ കാലത്തിലെ 2 പ്രത്യേകതകളാണിവിടെ പ്രസ്താവിക്കുന്നത്.

**1. ദർശനത്തിന്റെ അഭാവം (1 ശമൂ. 3:1)**

ആ കാലത്തു യഹോവയുടെ വചനം ദുർല്ലഭമായിരുന്നു; ഏറെ ദർശനം ഇല്ലായിരുന്നു. ആ കാലത്തിന്റെ ഒന്നാമത്തെ പ്രത്യേകതയാണിത്. ലോത്ത് ദൈവിക ദർശനമില്ലാതെ സോദോമിൽ ആയിരിക്കെ, ദൈവസ്നേഹിതനായി നിന്നുകൊണ്ടു, ദൈവിക പരിപാടിയിൽ കാലൂന്നി, ആയിരിക്കുന്ന സ്ഥലങ്ങളിലും ആകുന്ന അവസരങ്ങളിലും ദൈവത്തെ ദർശിക്കുന്ന അബ്രഹാം. സകല ജനവും ദൈവത്തിൽ നിന്നകന്ന് ദൈവിക ദർശനം ഇല്ലാതെ ആത്മീയ മരുഭൂമിയിൽ ദാഹിച്ച് വലഞ്ഞ്, പട്ടുപോകുമ്പോൾ, നോഹയും കുടുംബവും നീതിയോടെ ദൈവിക പദ്ധതിക്കനുസരണം ജീവിച്ചും, ദൈവിക ദർശനം ലഭിച്ചും, ദൈവത്തിന്നായും, വിളങ്ങി.

വേദപുസ്തക ചരിത്രം പരിശോധിക്കുമ്പോൾ ഇത്തരം അനേക സംഭവങ്ങൾ പെറുക്കിയെടുക്കാം. മുകളിലുദ്ധരിച്ച വേദഭാഗത്തും ഇതിനു സമാനമായ ഒരു സംഭവമാണു കാണുന്നത്. ഇവിടെ ചിന്തനീയം, വചന ദൗർലഭ്യതയുടെ പശ്ചാത്തലമാണ്. മോശെയിലൂടെ ദൈവം നൽകിയ ന്യായപ്രമാണം, മോശെ, യോശുവ എന്നീ വ്യക്തി പ്രഭാവങ്ങളുടെ മാതൃകാപരമായതും ദൈവിക സമീപ്യമുള്ളതുമായ ചരിത്രം, ദൈവത്തിന്റെ അത്ഭുതകരമായ വിടുതലിനാൽ മിസ്രയീമിൽ നിന്നും വാഗ്ദത്ത ദേശമായ കനാനിൽ ദൈവത്താൽ എത്തിയ വീരോധിഹാസങ്ങൾ, ദൈവത്തിന്റെ പ്രത്യക്ഷ വാസസ്ഥലമായ സമാഗമന കൂടാരം, ഇങ്ങനെ എല്ലാവിധ പ്രത്യക്ഷവും പരോക്ഷവും ആത്മീയത നിലനിർത്തുവാനുള്ളതും ദൈവിക വചനത്തിലുള്ളതും അവങ്കൽ നിന്നുമുള്ള ദർശനത്തിനുള്ളതുമായ സാഹചര്യം ഉണ്ടായിരിക്കെ, ഏലി എന്ന പുരോഹിതന്റെ കാലത്ത്, വചനം ദുർലഭമായിരുന്നു; ദർശനത്തിന്റെ അഭാവവും ഉണ്ടായിരുന്നു. ദൈവജനമേ, തിരുവചന വെളിച്ചത്തിൽ നമ്മെത്തന്നെ ഒന്നു വിലയിരുത്താം. നമുക്ക് വർഷാന്ത്യ മഹായോഗങ്ങൾ, വേദപഠന പരിശീലന കേന്ദ്രങ്ങൾ, കുഞ്ഞുങ്ങൾക്ക്, യൗവ്വനക്കാർക്ക്, മുതിർന്നവർക്ക്, മൂപ്പന്മാർക്ക്, ശുശ്രൂഷകന്മാർക്ക്, സഹോദരിമാർക്ക്, ഏകദിന ത്രിദിന, ക്യാമ്പുകളൊക്കെ ഉണ്ടായിരിക്കെ, വചന ധാരാളിത്വം, ശുശ്രൂഷാ പരിചയങ്ങൾ എന്നിവ ആത്മീയ ദർശനങ്ങളെ ഇരുട്ടറയിൽ തള്ളിയോ? നമുക്ക് ചുറ്റും ദൈവവചനമുണ്ട്, എന്നാൽ നമ്മിലോ?

ദൈവവചനത്തിന്റെ ദൗർലഭ്യം എവിടെയുണ്ടാകുന്നുവോ അവിടെ ദൈവവുമായുള്ള ദൈവജനത്തിന്റെ അകൽച്ചയുമുണ്ട്. ആത്മീയ മല്ലന്മാരുടെ കുടുംബം തുടങ്ങി സാധു വിശ്വാസ ഭവനങ്ങളിൽ വരെ ഇത് കാണാം. ഏലിപുരോഹിതന്റെ മക്കൾ ഒരു ഉദാഹരണമാണ്. നമ്മുടെ ഇടയിൽ ഉയർന്നു വരുന്ന ലോകമോഹഭ്രമം ദൈവിക അകൽച്ചയെ വിളിച്ചറിയിക്കുന്നില്ലേ? ദൈവിക അകൽച്ച ചൂണ്ടികാണിക്കുന്നത് ദൈവവചനത്തിന്റെ അഭാവമാണ്. നമ്മുടെ ചുറ്റുമുള്ള അഭാവമല്ല, നമ്മിൽ അഥവാ എന്നിലുള്ള അഭാവം. നമുക്ക് ചുറ്റും ദൈവവചനവും ദൈവികസന്നിദ്ധ്യവുമുള്ള സമാഗമന കൂടാരവും ദൈവത്തിന്റെ പുരോഹിതനായ ഏലിക്ക് സമാനരും ഒക്കെയുണ്ട്. എല്ലാവിധ ചുറ്റുപാടുകളുമുണ്ട്. എന്നാൽ എന്നിൽ ഉണ്ടൊ? അതിനാണിവിടെ പ്രസക്തി. യിസ്രായേൽജനത്തെ പോലെ ജീവജലത്തിന്റെ ഉറവയായവനെ ഉപേക്ഷിക്കാതെ (യിരെ. 2:13), ദാഹ ശമനത്തിനു ജീവജലമാകുന്ന വചനമെന്ന ശുദ്ധജലമില്ലാതെ ആത്മീയ മരുഭൂമിയിലാണ്ട് തത്ക്ഷണം നിദ്രപ്രാപിച്ച് ദാനമായി നൽകിയ മഹത് ദാനത്തിന്റെ ശ്രേഷ്ടത നഷ്ടമാക്കാതെ ദൈവ വചനത്താലുള്ള ദിവ്യ ദർശനത്താൽ സൗരഭ്യ വാസനയാകുമാറ് ജീവിക്കാൻ ദൈവം സഹായിക്കട്ടെ. (തുടരും)

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.99- ഉത്തരം

**വിഷയം : ദൈവമക്കളുടെ സംസാരം**

**വായനഭാഗം :** സങ്കീ. 141+ പ്രവൃ. 13, സദൃ. 10,16, മത്താ. 5, എഫെ. 4, കൊലൊ. 4

**ചോദ്യം** I (a) വാക്കു പെരുകിയാലുള്ള ദോഷം എന്ത്?

**ഉത്തരം :** സദൃ.10:19 വാക്കു പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല

ഒ.വാ. (1) സദൃ. 14:23. അധരചർവ്വണംകൊണ്ട് ദോഷമേ വരൂ. 2) സദൃ. 6:2 നിന്റെ വായിലെ വാക്കുകളാൽ നീ കുടുങ്ങിപ്പോയി. 3) സദൃ. 15:4. നാവിന്റെ ശാന്തത ജീവവൃക്ഷം; അതിന്റെ വക്രതയോ മനോവ്യസനം. 4) സഭാ.5:2 അതിവേഗത്തിൽ ഒന്നും പറയരുത്. 5) സങ്കീ. 141:3 യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി, എന്റെ അധരദ്വാരം കാക്കേണമേ.

I (b) അധരങ്ങളെ അടക്കുന്നവൻ എങ്ങനെയുള്ളവൻ?

ഉത്തരം. സദൃ. 10:19. അധരങ്ങളെ അടക്കുന്നവൻ ബുദ്ധിമാൻ

ഒ.വാ. (1) സഭാ. 5:6 നിന്റെ വായ്........പാപകാരണം ആകരുത്. 2) സങ്കീ. 39:1 വായ് കടിഞ്ഞാൺ ഇട്ടു കാക്കുമെന്ന് ദാവീദ് പറഞ്ഞു. 3) 1. പത്രോ. 3:10, സങ്കീ. 34:12,13. ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ. 4) യാക്കോ. 3:2 വാക്കിൽ തെറ്റാതിരുന്നാൽ..........അവൻ..........ശക്തനായ സൽഗുണപൂർണ്ണൻ. 5) സദൃ. 16:24 ഇമ്പമുള്ള വാക്ക് തേൻകട്ടയാകുന്നു.

II കേൾക്കുന്നതിലും പറയുന്നതിലും കോപിക്കുന്നതിലും ഏതു മനുഷ്യനും പാലിക്കേണ്ട ക്രമം എന്ത്?

ഉത്തരം. യാക്കോ. 1:19 ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന് താമസവുമുള്ളവനായിരിക്കട്ടെ.

ഒ.വാ. (1) സദൃ. 17:27. വാക്ക് അടക്കിവയ്ക്കുന്നവൻ പരിജ്ഞാനമുള്ളവൻ; ശാന്തമാനസൻ ബുദ്ധിമാൻ. 2) സഭാ. 7:9 നിന്റെ മനസ്സിൽ അത്രവേഗം നീരസം ഉണ്ടാകരുത്. മൂഢൻമാരുടെ മാർവിൽ അല്ലോ നീരസം വസിക്കുന്നത്. 3) സദൃ. 19:19 മുൻകോപി പിഴ കൊടുക്കേണ്ടി വരും. 4) സദൃ. 16:32. ദീർഘക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ. 5) ഗലാ. 5:22 ആത്മാവിന്റെ ഫലമോ: സ്നേഹം, സൗമ്യത......, ദീർഘക്ഷമ. 6) സഭാ. 5:22. അതിവേഗത്തിൽ ഒന്നും പറയരുത്. 7) കൊലോ. 3:17. വാക്കിനാലോ കൃപയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും. അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ.

III ദീർഘക്ഷമയുള്ളവനും ജിതമാനസനും ആരെക്കാൾ ശ്രേഷ്ഠൻ?

സദൃ. 16:32. ദീർഘക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണംപിടിക്കുന്നവനിലും ശ്രേഷ്ഠൻ.

ഒ.വാ. (1). സദൃ. 14:29 ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ; മുൻകോപി ഭോഷത്വം ഉയർത്തുന്നു. 2) സദൃ. 15:18 ദീർഘക്ഷമയുള്ളവൻ കലഹം ശമിപ്പിക്കുന്നു. 3) സദൃ. 19:11 വിവേകബുദ്ധിയാൽ മനുഷ്യന് ദീർഘക്ഷമ വരുന്നു. 4) സഭാ. 7:8 ഗർവ്വ മാനസനേക്കാൾ ക്ഷമാമാനസൻ ശ്രേഷ്ഠൻ. 5) മത്താ. 5:22 സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും. (യേശു). 6) എഫെ. 4:32, കൊലൊ. 3:13. ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ. 7) സദൃ. 15:18 ദീർഘക്ഷമയുള്ളവൻ കലഹം ശമിപ്പിക്കുന്നു. 8) സദൃ. 19:11 വിവേകിക്ക് ദീർഘക്ഷമ ഉണ്ട്. ക്ഷമിക്കുന്നത് അവന് ഭൂഷണം. 9) 1. കൊരി. 13: 1 സ്നേഹം ദീർഘമായി ക്ഷമിക്കുന്നു. ദയ കാണിക്കുന്നു.

IV ഓരോരുത്തനോട് എങ്ങനെ ഉത്തരം പറയേണ്ടു എന്ന് അറിയേണ്ടതിന് നിങ്ങളുടെ വാക്ക് എങ്ങനെയുള്ളതായിരിക്കണം?

ഉത്തരം. കൊലോ. 4:6 ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്ന് അറിയേണ്ടതിന് ആത്മികവർദ്ധനയ്ക്കായി നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടു കൂടിയതും ഉറപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ.

ഒ.വാ. (1) എഫെ. 4:29 കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മീക വർദ്ധനയ്ക്കായി നല്ലവാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടരുത്. 2) 1 തിമൊ. 4:12 ......വാക്കിലും നടപ്പിലും സ്നേഹത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക. 3) സദൃ. 25:11 തക്കസമയത്ത് പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻനാരങ്ങപോലെ. 4) 1 പത്രോ. 3:15 നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ. 5) എഫെ. 4:25 ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ

V കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആത്മിക വർദ്ധനയ്ക്കായി നിങ്ങളുടെ വാക്ക് എങ്ങനെയുള്ളതായിരിക്കണം? എന്തു പാടില്ല?

1) എഫെ. 4:29 കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മീകവർദ്ധനയ്ക്കായി നല്ലവാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടരുത്. ഒ.വാ. (1) കൊരി. 4:12 ശകാരം കേട്ടിട്ട് ആശിർവദിക്കുന്നു; ദൂഷണം കേട്ടിട്ട് നല്ലവാക്കു പറയുന്നു. 2)എഫെ. 5:4 ചീത്തതരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തത് ഒന്നും അരുത്. സ്തോത്രമത്രേ വേണ്ടത്. 3) കൊലൊ. 4,6....... നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കണം. 4) മത്താ. 5:44 നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

VI നിങ്ങൾ "ഉവ്വ്" എന്നോ "ഇല്ല" എന്നോ പറഞ്ഞാൽ അത് എങ്ങനെയിരിക്കണം?

മത്താ. 5:37 നിങ്ങളുടെ വാക്ക് "ഉവ്വ്, ഉവ്വ്" എന്നും "ഇല്ല, ഇല്ല" എന്നും ആയിരിക്കണം.

ഒ.വാ. (1) തിമൊ. 4:12 വാക്കിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കട്ടെ. 2) സങ്കീ. 15:2 ............ ഹൃദയപൂർവ്വം സത്യം സംസാരിക്കുന്നവൻ (യഹോവയുടെ കൂടാരത്തിൽ പാർക്കും) 3) സങ്കീ. 112:2 നേരുള്ളവരുടെ സന്തതി അനുഗ്രഹിക്കപ്പെടും. 4) സങ്കീ. 112:4 നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു. 5) എഫെ. 4:25 ഭോഷ്ക് ഉപേക്ഷിച്ച് കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ. 6) സദൃ. 12:22 വ്യാജമുള്ള അധരങ്ങൾ യഹോവയ്ക്ക് വെറുപ്പ്. 7) യാക്കോ. 5:12 ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ നിങ്ങൾ 'ഉവ്വ്' എന്നു പറഞ്ഞാൽ 'ഉവ്വ്' എന്നും 'ഇല്ല' എന്നു പറഞ്ഞാൽ ഇല്ല എന്നും ഇരിക്കട്ടെ.

VII 'എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി എന്റെ അധരദ്വാരം കാക്കേണമേ' എന്നു പ്രാർത്ഥിച്ചത് ആര്? അയാളെക്കുറിച്ച് ദൈവം പറഞ്ഞ സാക്ഷ്യം എന്ത്?

ഉത്തരം. സങ്കീ. 141:3 യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി എന്റെ അധരദ്വാരം കാക്കേണമേ. എന്നു പ്രാർത്ഥിച്ചത് ദാവീദ് ആണ്.

ഒ.വാ. (1) 1 ശമു. 13:14. ദൈവത്തിനു ബോധിച്ച പുരുഷൻ. 2) പ്രവൃ. 13:22 ദാവീദിനെ എനിക്കു ബോധിച്ച പുരുഷനായി കണ്ടു.

**ജയിച്ചവരുടെ മാർക്കു വിവരം**

| | | | |
|---|---|---|---|
| 1. ആലീസ് സാം , സീബ് | 154 | 11. കുഞ്ഞമ്മ വർഗീസ്, കോഴിമല | 113 |
| 2. ജയിനമ്മ ശാമുവേൽ, പേരൂർക്കട | 151 | 12. വത്സമ്മ തോമസ്, ഝാൻസി | 111 |
| 3. സുനി ഷാജി, ഡാമൻ | 130 | 13. പി.റ്റി. ഫിലിപ്പ്, ബാംഗ്ലൂർ | 110 |
| 4. തങ്കമ്മ ദാനിയേൽ, തൃശൂർ | 128 | 14. നിസ്സി ബീം, മീനങ്ങാടി | 110 |
| 5. ചിന്നമ്മ സാമുവൽ, മുംബൈ | 127 | 15. ശോശാമ്മ വർഗീസ്, പാലാരിവട്ടം | 110 |
| 6. ഒ.വി. ജോസഫ്, പുല്ലാട് | 125 | 16. അന്നമ്മ മത്തായി, ചെന്നൈ | 109 |
| 7. ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 123 | 17. മേരി ജേക്കബ്, കല്ലിശ്ശേരി | 108 |
| 8. അമ്മിണി തോമസ്, പുല്ലാട് | 123 | 18. സിനി ഷാജൻ, മുംബൈ | 106 |
| 9. ആലീസ് കോര, പുതുപ്പള്ളി | 117 | 19. സാറാമ്മ തോമസ്, കോട്ടയം | 106 |
| 10. ഏലിയാമ്മ കോശി, ബാംഗ്ലൂർ | 114 | 20. ജസ്സി സാം, പഴവങ്ങാടി | 100 |

# ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ്

## വിദ്യാഭ്യാസ സഹായം 2008 – 2009

സാമ്പത്തിക വിഷമം അനുഭവിക്കുന്ന വിശ്വാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിനായി ദോഹ, ദുബായ് സഭകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന തുക ഈ വർഷവും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് ദോഹ സഭയുടെയും 10-ാം ക്ലാസ്സിന് ശേഷമുള്ള പഠനത്തിന് ദുബായ് സഭയുടെയും തുകകളാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. അർഹതയുള്ള വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ താഴെ ചേർത്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ 14"x9" സൈസിലുള്ള വെള്ളക്കടലാസിൽ തയ്യാറാക്കി പൂരിപ്പിച്ച് സഭാമൂപ്പന്മാരുടെ സാക്ഷ്യപത്രത്തോടുകൂടി, ഇക്കൊല്ലത്തെ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം 2008 ഓഗസ്റ്റ് 15-ാം തീയതിക്ക് മുമ്പ് സെക്രട്ടറിക്ക് കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതാണ്. കഴിഞ്ഞ അദ്ധ്യയന വർഷം S.S.L.C., XII, എന്നിവയുടെ ഫൈനൽ പരീക്ഷകളിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവർ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പി അപേക്ഷയുടെകൂടെ അയയ്ക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിലാസം: Secretary, Believers Relief Trust, P.B. No.46, Gospel Hall, Pathanamthitta P.O.& Dist., Kerala, Pin-689 645.

പ്രത്യേക ശ്രദ്ധയ്ക്ക്: (1) വലിപ്പം കൂടിയ പേപ്പർ ഉപയോഗിക്കാൻ പാടില്ല. (2). അപേക്ഷാ ഫാറത്തിൽ ചോദ്യം എഴുതി അതിനെതിരെ ഉത്തരം നൽകേണ്ടതാണ്. (3) അപേക്ഷകന്റെ മേൽവിലാസം വ്യക്തമായും പൂർണ്ണമായും എഴുതണം. ജില്ലയും പിൻകോഡും പ്രത്യേകം കാണിച്ചിരിക്കണം. (4) കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷ സ്വീകരിക്കയില്ല.

## ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വഴി വിതരണം നടത്തുന്ന
## ദി ബ്രദറൺ അസംബ്ലി ദോഹ/ദുബായ് വക
## വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷ 2008–2009

1. അപേക്ഷകന്റെ (രക്ഷാകർത്താവിന്റെ) പേര്..............................................................................................
2. മേൽവിലാസം (ജില്ലയും പിൻകോഡും സഹിതം)..............................................................................
3. വിദ്യാർത്ഥിയുടെ പേര്.............................................................................................................................
4. രക്ഷകർത്താക്കളുടെ തൊഴിലും മാസവരുമാനവും
   (1) പിതാവ്...........................(2) മാതാവ്........................ (3) ആകെ മാസവരുമാനം..............................
5. രക്ഷകർത്താക്കളും വിദ്യാർത്ഥിയും രക്ഷിക്കപ്പെട്ടതാണോ? .................................................................
6 നല്ല സാക്ഷ്യം പുലർത്തി സ്ഥലം ബ്രദറൺ സഭാബന്ധത്തിൽ സന്തോഷമായിരിക്കുന്നുവോ?...........
7. രക്ഷാകർത്താക്കളും വിദ്യാർത്ഥിയും ഉൾപ്പെട്ടിരിക്കുന്ന സ്ഥലം ബ്രദറൺ സഭയേത്?..........................
8. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റ് പേര്.........................................................................................
9. ഏതു ക്ലാസിൽ/ ഏതു കോഴ്സിന്/ എത്രാം വർഷം പഠിക്കുന്നു..............................................................
10. കഴിഞ്ഞ വർഷം പഠിച്ചിരുന്ന ക്ലാസ്സിൽ നിന്നും വിജയിച്ചോ?............................................................
    (തോറ്റവർ അപേക്ഷിക്കേണ്ടതില്ല)
11. ഈ വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വച്ചിട്ടുണ്ടോ?.......................................
    അതിന്റെ നമ്പരും തീയതിയും.........................................................................................................
    (കോഴ്സ് സർട്ടിഫിക്കറ്റ് ചേർത്ത് അയയ്ക്കാത്ത അപേക്ഷ സ്വീകാര്യമല്ല.)
12. കഴിഞ്ഞ വർഷം ദോഹയുടേയോ ദുബായിയുടേയോ സഹായം ലഭിച്ചിരുന്നോ?..........................................
    എങ്കിൽ എത്ര രൂപാ.................................................................................................................................
13. ഈ വർഷം എതിനാണ് അപേക്ഷിക്കുന്നത്? ദോഹയുടെ/ദുബായിയുടെ
14. ഈ ട്രസ്റ്റ് വഴി വിതരണം ചെയ്യുന്ന വേറെ ഏതെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?..................................
    എങ്കിൽ വിവരം.....................................................................................................................
15. വിദ്യാർത്ഥിയുടെ ഒപ്പ്........................................................................................................................
16. രക്ഷകർത്താവിന്റെ ഒപ്പ്..................................................................................................................
17. സ്ഥലം................................ തീയതി.........................
18. രക്ഷകർത്താവിന് ബാങ്ക് അക്കൗണ്ട് ഉണ്ടോ? ....................
19. രക്ഷകർത്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ....................
20. ബാങ്കിന്റെ പേരും ബ്രാഞ്ചും..................................
21. ഈ വിദ്യാർത്ഥിക്ക് സഹായത്തിന് അർഹതയുണ്ടെങ്കിൽ ചെക്ക് ആരുടെ പേരിൽ അയയ്ക്കണം?
    ............................................................(സ്വന്തമായി അക്കൗണ്ട് ഇല്ലെങ്കിൽ സഭയിലെ ആരുടെയെങ്കിലും അക്കൗണ്ട് നമ്പരും അവരുടെ പേരും വ്യക്തമായി എഴുതണം)
22. സ്ഥലം സഭയിലെ മൂപ്പന്മാരുടെ/ചുമതലപ്പെട്ടവരുടെ ശുപാർശ (4 മുതൽ 10 വരെയും 14ലും ഉള്ള വിവരങ്ങളെക്കുറിച്ച് വ്യക്തമായി സാക്ഷ്യപ്പെടുത്തിയിരിക്കണം. വിദ്യാർത്ഥിയും രക്ഷകർത്താക്കളും കൂട്ടായ്മയിൽ സംബന്ധിക്കുന്നുണ്ടോ എന്ന് വ്യക്തമായി എഴുതണം)
23. സാക്ഷ്യപ്പെടുത്തിയ മൂപ്പന്മാരുടെ/ചുമതലപ്പെട്ടവരുടെ പേരും വിലാസവും ഒപ്പും ഫോൺ നമ്പരും തീയതിയും

1.

2.

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കൂവപ്പള്ളി (കാഞ്ഞിരപ്പള്ളി) :** 2008 ഏപ്രി. 28- മെയ് 1 വരെ വി.ബി.എസ്. നടത്തി. എഴുപതിൽപ്പരം കുട്ടികൾ പങ്കെടുത്തു. മെയ് 4 മുതൽ ചിൽഡ്രൻസ് ക്ലബ്ബും നടത്തിവരുന്നു. 40 ഓളം കുട്ടികൾ സംബന്ധിക്കുന്നു. ജൂൺ 1 ന് ചിൽഡ്രൻസ് ക്ലബ്ബ് അംഗങ്ങൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സഹോ. ഏബ്രഹാം പി. ജോസഫ് ഈ സഹായം സ്പോൺസർ ചെയ്തു. മാസത്തിൽ 2 ഏകദിന പ്രവർത്തനങ്ങളും ഇവിടെ നടത്തിവരുന്നു. 10 ഓളം സഹോദരന്മാർ ചേർന്ന് പ്രവർത്തിക്കുന്നു. സുവി. കെ.സി. സാബു ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. പ്രാർത്ഥനയിൽ ഓർത്താലും. വിലാസം K.C. Sabu, 'Beith-Shaar', Koovappally P.O., Kanjirappally, Ph: 04828 251484, 9746101039 സഭയ്ക്കുവേണ്ടി പൈലോ പൊയ്കപ്ലാക്കൽ, പി.എം. ജോൺസൺ, കെ.ബേബി മാത്യു.

**കോടഞ്ചേരി :** 1-6-08 ഞായറാഴ്ച കത്തോലിക്കാ യാക്കോബായ പശ്ചാത്തലത്തിൽ നിന്ന് രക്ഷിക്കപ്പെട്ടുവന്ന 3 പേരുടെ സ്നാനശുശ്രൂഷ നടത്തുവാൻ ദൈവം കൃപ ചെയ്തു. കഴിഞ്ഞ നാളുകളിൽ ഈ സ്ഥലത്തെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു. തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും. എന്ന് സഭയ്ക്കുവേണ്ടി. സുവി. കെ.എസ്. മാത്യു, കെ.കെ. പൗലൊസ്. വിലാസം കെ.എസ്.മാത്യു, കരുവേലിൽ ഹൗസ്, കോടഞ്ചേരി പി.ഒ. കോഴിക്കോട് -673580

**ബൊക്കാറൊസ്റ്റീൽ സിറ്റി :** 2008 ഏപ്രിൽ 25-27 വരെ കരംട്രോളി മാർഗ്ഗപാഡ ഓപ്പൺ ഗ്രൗണ്ടിൽ വെച്ച് സുവിശേഷയോഗവും സംഗീതവിരുന്നും നടത്തുവാൻ ഇടയായി. ജോൺസ് ചെറിയാൻ, സാം സഖറിയാ, ലിജോ ജോൺ, കെ. ഗോപാലകൃഷ്ണൻ തുടങ്ങിയവർ ദൈവവചനത്തിൽ നിന്ന് സംസാരിച്ചു. ജാർഖണ്ഡ് & ബിഹാറിലെ സുവിശേഷകന്മാർ കടന്നു വന്ന് സഹകരിച്ചു. ക്രൈസ്റ്റ് ലെവർഴസ് ടീം സംഗീത ശുശ്രൂഷ നടത്തി. രാത്രി യോഗങ്ങളിൽ 11 പേർ രക്ഷാനിർണ്ണയം പ്രാപിച്ചു. 27-ാം തീയതി ഗ്രാമത്തിൽ പുതിയ സ്ഥലം സഭാകൂടിവരവ് ആരംഭിക്കുവാൻ ദൈവം ഇടയാക്കി. തുടർന്നും പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കണമെ. എന്ന് കെ. ഗോപാലകൃഷ്ണൻ. Ebenezer Brethren Assembly, QR No.- 2147/IVA. Sector IV. Bokaro Steel City. Jharkhand 827004

**അട്ടപ്പാടി**: മെയ് 27-ന് ഈ സഭയുടെ ചുമതലയിൽ മലബാർ ഗോസ്പൽ മിനിസ്ട്രിസിന്റെ സഹകരണത്തോടെ വിവിധ ആദിവാസി കോളനികളിലും കവലകളിലും പരസ്യയോഗങ്ങൾ നടത്തുവാനും അനേകം ട്രാക്റ്റുകൾ, ചെറുപുസ്തകങ്ങൾ, പുതിയനിയമങ്ങളും വിതരണം ചെയ്യുവാൻ ഇടയായി. ജേക്കബ് മാത്യു, പോൾ മാത്യു, എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 11 സഹോദരന്മാർ സഹകരിച്ചു. ജൂൺ 19-21 വരെ സുവിശേഷ ക്യാമ്പ് നടത്തി. രാത്രിയോഗങ്ങൾ, ഭവനസന്ദർശനം ആദിവാസി കോളനി വിസിറ്റിംഗ് എന്നീ പ്രവർത്തനങ്ങൾ നടന്നു. ചിലർ രക്ഷിക്കപ്പെട്ടിട്ടുണ്ട്. കെ. എ. പീറ്റർകുട്ടി, കെ. ജോൺ വർഗ്ഗീസ് എന്നിവർ പ്രവർത്തനത്തിന് നേതൃത്വം നൽകി. ഈ പ്രവർത്തനം മൂലം രക്ഷിക്കപ്പെട്ടവർ വേർപെട്ട് വരേണ്ടതിനും ഈ സ്ഥലംസഭയെയും പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമെ. എന്ന് സഭയ്ക്കുവേണ്ടി പോൾ മാത്യു. വിലാസം Paul Mathew (Evg), Agali, Attappadi, Palakkad Dist-678581

**ഭിവാനി-ഹരിയാന :** 18-6-08 ൽ ജില്ലാ ജയിലിൽ സുവിശേഷയോഗം നടത്തുന്നതിനും 500 പുതിയനിയമങ്ങളും, മറ്റു സുവിശേഷപ്രതികളും വിതരണം ചെയ്യുന്നതിനും ഇടയായി Delhi Bethesda Assly ലെ സുവി. അലക്സ് ഏബ്രഹാമും തന്റെ സഭയിലെ വിശ്വാസികളുടെ ഒരു ടീം ആയിരുന്നു പ്രവർത്തനത്തിനായി വന്നത്. ജയിലിൽ അലക്സ് ഏബ്രഹാമും ഡേവിഡ് ഫിലിപ്പും സുവിശേഷം അറിയിച്ചു. പല തടവുകാരും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വൈകിട്ട് സുവി. കെ.കെ. തങ്കച്ചന്റെ ഭവനത്തിൽ നടന്ന സുവിശേഷ യോഗത്തിൽ അലക്സ് ഏബ്രഹാം പ്രസംഗിച്ചു. ഭിവാനിയിലെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക. സഭയ്ക്കുവേണ്ടി സ്റ്റീഫൻ മാത്യു. വിലാസം കെ.കെ. തങ്കച്ചൻ (ഇവാ.), പി.ബി. നമ്പർ 13, ഭിവാനി പി.ഒ., ഹരിയാന-127021.

**വൈ.എം.ഇ.എഫ്. കർണ്ണാടക ജനറൽ ക്യാമ്പ്** : ജനറൽ ക്യാമ്പ് 2008 ഏപ്രിൽ 15-18 വരെ ബാംഗ്ലൂർ എലിം ക്യാമ്പിങ് സെന്ററിൽ വെച്ച് നടക്കുവാനിടയായി. കർണ്ണാടകത്തിലെ 17 ജില്ലകളിൽ നിന്നായി 380 ലധികം സഹോദരീസഹോദരന്മാർ പങ്കെടുത്തു. കുട്ടികൾക്കായും യുവതീയുവാക്കന്മാർക്കായും കുടുംബങ്ങൾക്കായും ക്ലാസ്സുകൾ ഉണ്ടായിരുന്നു. "ഇതാ ഞാൻ വേഗം വരുന്നു" എന്ന ക്യാമ്പ് തീമിനെ അടിസ്ഥാനമാക്കി ജോസ് മാത്യൂസ്, തോംസൺ ബി. തോമസ്, ജോയി ജോൺ എന്നിവർ ക്ലാസ്സുകൾ എടുത്തു. തുടർന്നും വൈ.എം.ഇ.എഫ്. പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചാലും. വൈ.എം. ഇ.എഫ്.നു വേണ്ടി, റെജി കെ.തോമസ്, സെക്രട്ടറി.

**പായിപ്പാട്** : കുട്ടനാട് താലൂക്കിൽ കാരിച്ചാൽ-പായിപ്പാട് എന്ന സ്ഥലത്ത് സഹോ. വർഗീസ് മത്തായി കുടുംബമായി പ്രവർത്തിച്ചതിന്റെ ഫലമായി ചില കുടുംബങ്ങൾ രക്ഷിക്കപ്പെടുകയും രക്ഷിക്കപ്പെട്ടവരെ മേൽപ്പാടം ബ്രദറൺ സഭയുടെ സഹകരണത്തിലും ചുമതലയിലും 8-6-08 ൽ സാമുവൽ റ്റി.ഫിലിപ്പ് സ്നാനപ്പെടുത്തുകയും 15-6-08 ൽ മേൽപ്പാടം ബ്രദറൺ അസംബ്ലിയുടെ ചുമതലയിലും പാണ്ടനാട് ബ്രദറൺ അസംബ്ലിയുടെ സാന്നിദ്ധ്യത്തിലും വിവിധ ബ്രദറൺ സഭയിൽ നിന്നും വന്ന 130 ദൈവമക്കളുടെ സാന്നിദ്ധ്യത്തിലും കോട്ടപ്പുറത്ത് വീട്ടിൽ പുതിയ കൂടിവരവു ആരംഭിച്ചു. ജോർജ്ജ് ചാക്കോ വചനശുശ്രൂഷയും പല ദൈവദാസന്മാർ ആശംസകളും അറിയിച്ചു. വിശ്വാസത്താൽ മാത്രം പ്രവർത്തിക്കുന്ന ഞങ്ങൾക്കും സഭയുടെ ആത്മീയവളർച്ചയ്ക്കും ദൈവജ

നത്തിന്റെ പ്രാർത്ഥനയും സുവിശേഷവേലയ്ക്കുവേണ്ടിയുള്ള സഹായസഹകരണങ്ങളും നല്കണമേ എന്ന് അപേഷിച്ചുകൊള്ളുന്നു. എന്ന് സഭയ്ക്കു വേണ്ടി പി.റ്റി എബ്രഹാം, വർഗ്ഗീസ് മത്തായി വിലാസം Eben-ezer brethren-Assembly, C/oEvg.Varghese Mathai Kotappurathu. House Payipad. Haripad. 690556

**ഇടശ്ശേരിമല :** 2008 ആഗസ്റ്റ് 9 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ഇടശ്ശേരിമല സഭയുടെ പുതിയ സഭാമന്ദിരത്തിന്റെ സ്തോത്ര ശുശ്രൂഷ നടത്തപ്പെടുവാൻ തീരുമാനിച്ചിരിക്കുന്നു. ഞങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും സഭാഹാളിന്റെ ആവശ്യത്തിലേക്ക് സാമ്പത്തിക സഹായം നൽകിയ ഏവർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. വീണ്ടും ഈ സഭയെയും പ്രവർത്തനത്തെയും പ്രാർത്ഥനയിൽ ഓർക്കേണമെ. സഭയ്ക്കുവേണ്ടി ചാക്കോ ജോർജ്ജ്.

**രത്നാഗിരി :** Konkan Outreach ministry യുടെ 2 മാസത്തിലൊരിക്കൽ നടന്നുവരാറുള്ള പ്രവർത്തനങ്ങൾ മെയ് 19–31 വരെ നടക്കുവാൻ കർത്താവ് കൃപ ചെയ്തു. പ്രവർത്തനങ്ങൾക്ക് ഇടിക്കുള ഏബ്രഹാം, തോമസ് ദാനിയേൽ, ബോവസ് ഫിലിപ്പ്, സൂരജ് ഇനാംദാർ, സാംജോൺ സോളമൻ, സുനിൽ ബോറെ, എബ്രഹാം, സണ്ണി ജോസഫ് എന്നിവർ പങ്കെടുത്തു. സാവന്തവാടി താലൂക്കിലെ അനേകം ഗ്രാമങ്ങളിൽ ദൈവവചനം എത്തിക്കുവാൻ ഇടയായി. ഗോസ്പൽ മീറ്റിംഗിനായി ചില ഭവനങ്ങൾ തുറന്നു കിട്ടിയിട്ടുണ്ട്. അനുധാവന പ്രവർത്തനങ്ങൾ ബ്ര. സുനിൽ ബോറെ നടത്തിവരുന്നു. അവിടെ സ്ഥിരമായി താമസിച്ച് പ്രവർത്തിക്കേണ്ടതിന് ദൈവം തന്റെ ദാസനെ അയയ്ക്കേണ്ടതിനായി പ്രാർത്ഥിച്ചാലും. എന്ന് ഷിബു സെബാസ്റ്റ്യൻ, വിൽസൺ ജോർജ്ജ്.

**പനവേലി :** കൊട്ടരക്കര, വെട്ടിക്കവല വില്ലേജിൽ വാളകം ബ്രദറൺ അസംബ്ലിയുടെ സഹകരണത്തിൽ സമീപ സ്ഥലമായ പനവേലിയിൽ പി.റ്റി. ശാമുവേൽ, എം.സി. ചെറിയാൻ, സാം സഖറിയ മുതലായവർ പ്രവർത്തിച്ചു വരികയാണ്. ദൈവം ഈ സ്ഥലത്തെ സ്നേഹിക്കുന്നുവെന്നതിന്റെ തെളിവായി സ്ഥിരമായൊരു പ്രവർത്തനം ഇവിടെ ആരംഭിക്കുന്നതിന് മുമ്പുതന്നെ ചിലരെ വിളിച്ചു വേർപിരിക്കുവാൻ കർത്താവിനു പ്രസാദമായി. സമീപസമയത്ത് ഇവിടെ നടന്ന സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി ചിലർകൂടെ രക്ഷിക്കപ്പെട്ടു വേർപെട്ടു വരുവാനിടയായതിൽ പുതിയനിയമ മാതൃകയിൽ ഇവിടെ ഒരു കൂടിവരവുണ്ടാകണം എന്നാഗ്രഹിച്ച് പ്രാർത്ഥിച്ചു വരികയായിരുന്നു. ദൈവം പ്രാർത്ഥനയ്ക്കുത്തരം നൽകിയെന്നത് ബോധ്യമായതിനാൽ 2008 ജൂൺ 13,14 തീയതികളിൽ സുവിശേഷ യോഗങ്ങളും 15–ാം തീയതി ഞായറാഴ്ച സ്നാനശുശ്രൂഷയും തുടർന്ന് ആരാധനയും ഞാറക്കുന്നിൽ ബ്ര. സഞ്ജു കുഞ്ഞപ്പന്റെ ഭവനത്തിൽവെച്ച് നടന്നു. സമീപ സ്ഥലംസഭകളിൽ നിന്ന് 200റോളം വിശ്വാസികൾ കൂടി വന്നു. പ്രൊഫ. മാത്യൂസ് ഏബ്രഹാം, വർഗ്ഗീസ് കുര്യൻ എന്നിവർ വചന ശുശ്രൂഷ നിർവ്വഹിച്ചു. 15 പേർ ഇവിടെ കർത്തൃമേശയിൽ സംബന്ധിക്കുന്നു. ഈ ചെറിയ സ്ഥലം സഭയുടെ അതിർ വിസ്തൃതമാകേണ്ടതിനും പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെടേണ്ടതിനും ദൈവജനം പ്രാർത്ഥിക്കുമല്ലോ. എന്ന് സഭയ്ക്കുവേണ്ടി, സഞ്ജു കുഞ്ഞപ്പൻ, സാം സഖറിയ. വിലാസം സഞ്ജു കുഞ്ഞപ്പൻ, ഞാറക്കുന്നിൽ, പെനിയേൽ ഹോം, പനവേലി പി.ഒ., കൊട്ടരക്കര.

**ബ്രദറൺ മേഴ്സി ട്രസ്റ്റ്:** 2007–08ലെ വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്തവരവ് ചെലവു കണക്കുകളും പ്രസിദ്ധീകരിച്ചിരിക്കുന്നു. നിരാലംബരും വാർദ്ധക്യത്തിന്റെ ബലഹീനതയിലും ഭാരപ്പെടുന്ന സഹവിശ്വാസികളെ സൗജന്യമായി സംരക്ഷിക്കുന്നതിനുള്ള അഭയസ്ഥാനമായി കുമ്പനാട്ട് ബ്രദറൺ മേഴ്സി ഹോം പ്രവർത്തിക്കുന്നു. ബ്രദറൺ മേഴ്സി ട്രസ്റ്റിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 42 വിശ്വാസികൾ അംഗങ്ങളായിട്ടുള്ളതും അവരിൽ നിന്നും വർഷംതോറും തിരഞ്ഞെടുക്കുന്ന 11 ഭരണസമിതി അംഗങ്ങളുടെ നിയന്ത്രണത്തിൽ ഹോമിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. റിപ്പോർട്ടു വർഷത്തിൽ ഹോമിൽ 3 സഹോദരന്മാരും 5 സഹോദരിമാരും ഉൾപ്പടെ 8 പേർ അന്തേവാസികളായിട്ടുണ്ട്. മേട്രണായി സേവനം അനുഷ്ഠിക്കുന്ന എലിസബത്ത് സഹോദരിയുടെയും മാനേജർ കെ.പി. ബേബിയുടെയും ചുമതലയിൽ ഹോമിന്റെ ദൈനംദിന കാര്യങ്ങൾ തൃപ്തികരമായി നടക്കുന്നു. ഹോമിൽ ബുധനാഴ്ച തോറും യോഗങ്ങൾ നടക്കുന്നു. സുവിശേഷ യോഗങ്ങൾ എല്ലാ വർഷവും മേഴ്സി ഹോം അങ്കണത്തിൽ വെച്ച് നടന്നുവരുന്നു. തൻവർഷം വിവിധ സഭകളിൽ നിന്നും വ്യക്തികളിൽ നിന്നും മറ്റുമുള്ള സംഭാവനകളായി 320746 രൂപ ലഭിച്ചിട്ടുണ്ട്. മേഴ്സി ഹോമിലെ ദൈനംദിന ചെലവുകളായ 160928 രൂപാ ഉൾപ്പെടെ മൊത്തം ചെലവ് 201717രൂപയാണ് അനേക സ്ഥലംസഭകളും വ്യക്തികളും മേഴ്സിഹോമിന്റെ കാര്യത്തിൽ ശ്രദ്ധാലുക്കളാണെന്നുള്ളതിൽ ദൈവത്തെ സ്തുതിക്കുകയും അവരോടുള്ള അകൈതവമായ നന്ദി അറിയിക്കുകയും ചെയ്യുന്നു ദൈവമക്കൾ സഭകളായും വ്യക്തികളായും ഈപ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. സെക്രട്ടറി, ബ്രദറൺമേഴ്സിട്രസ്റ്റ് കുറിയന്നൂർ 689550, ഫോൺ:0469 2672225.

## രോഗികൾ

**രാജസ്ഥാൻ :** ഹാത്തോജിൽ നിന്നും സുവി. ജോസ് മാത്യു എഴുതുന്നത്. എന്റെ മകൻ ജോളി മാത്യു (2) ജന്മനാ കൈകാലുകൾ 'ര' പോലെ അകത്തേയ്ക്ക് വളഞ്ഞിരിക്കുകയായിരുന്നു. കൈകൾ രണ്ടും ശരിയായി. കാലുകൾക്ക് ഓപ്പറേഷൻ ആവശ്യമാണെന്ന് ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ഇ.സി.ജി.യും 2D Echo-യും ചെയ്തു. അപ്പോഴാണ് ഹൃദയത്തിന് ഒരു ദ്വാരം (4.8mm) ഉണ്ടെന്ന് അറിഞ്ഞത്. പരിശോധനയ്ക്ക് ശേഷം ഇടതുകാലിന്റെ ശസ്ത്രക്രിയ 30–5–07 ൽ ചെയ്തു. സ്റ്റിച്ച് എടുത്തതിനു ശേഷം 1 1/2 മാസത്തേയ്ക്ക് പ്ലാസ്റ്റർ ഇട്ടു. അത് എടുത്തശേഷം വലതുകാലിന്റെ ഓപ്പറേഷൻ 8–8–07 ൽ നടത്തി. സ്റ്റിച്ച് എടുത്തതിനു ശേഷം ഒന്നരമാസത്തേയ്ക്ക് പ്ലാസ്റ്റർ ഇട്ടു. ഇപ്പോൾ രണ്ടുകാലിലും കൃത്രിമ ഷൂ ഉണ്ടാക്കി ഇട്ടിരിക്കുന്നു. വലതുകാൽ പൂർണ്ണമായി ശരിയായി. എന്നാൽ ഇടതു കാൽ ശരിയായിട്ടില്ല. അടിയന്തിരമായി ഒരു ശസ്ത്രക്രിയ വീണ്ടും ആവശ്യമായിരിക്കുന്നു. അതുപോലെ ഹൃദയത്തിന്റെ തകരാറിനും ഒരു വ്യത്യാസവും വന്നിട്ടില്ല. ഇതുവരെയുള്ള ആവശ്യങ്ങൾക്കായി പ്രർത്ഥിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ ദൈവമക്കൾക്കും നന്ദി അറിയിക്കുന്നു. തുടർന്നുള്ള ശസ്ത്രക്രിയക്കും പൂർണ്ണസൗഖ്യത്തിനും വേണ്ടി

പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യണമേ. ജോസ് മാത്യു (ഇവാ.), 13 ഗോസ്പൽ ഹോം, ഹാത്തോജ് പി. ഒ., കൽവാർ റോഡ്, ജയ്പൂർ, 303 706, ഫോൺ : 09982643128.

**കോട്ടൂർ** : സ്ഥലം സഭ ശുശ്രൂഷകൻ പി.ജെ. ശാമുവേൽ 20ൽ പരം വർഷങ്ങളായി പ്രമേഹവും, പ്രഷറും ആയി ചികിത്സയിൽ കഴിയുകയായിരുന്നു. ഇപ്പോൾ സ്കാൻ ചെയ്തപ്പോൾ കിഡ്നിക്ക് രോഗം ബാധിച്ചിട്ടുണ്ടെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചികിത്സകൾ തുടരുന്നു. സഹോദരൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെ. വിലാസം Evg. P.J. Samuel, Plamthottathil House, Kottoor P.O., Kaviyour- 689582 എന്ന് സഭയ്ക്കുവേണ്ടി ജെ.എം. ജോൺ, സജി കെ.എം.

## കൺവൻഷൻ, ക്യാമ്പ്

### തിരുവല്ലയിൽ ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്

തിരുവല്ലയിലും പരിസരങ്ങളിലുമുള്ള പ്രാദേശിക ബ്രദറൺ സഭകളുടെ ആഭിമുഖ്യത്തിൽ 2008 നവം. 7,8,9 തീയതികളിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ വെച്ച് ഗോസ്പൽ മ്യൂസിക്ക് ഫെസ്റ്റ് നടത്തപ്പെടുന്നു. സമ്മേളനത്തിൽ ആർ. കൃഷ്ണൻകുട്ടി, ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാത്യു എന്നിവർ വചനം ശുശ്രൂഷിക്കുന്നതായിരിക്കും. കൂടാതെ ക്രൈസ്തവ ഗായകരായ ബിനോയ് ചാക്കോ, മാത്യു ജോൺ, ജെ.പി. രാജൻ, ജോസ്ലി, പ്രവീൺ എന്നിവർ നയിക്കുന്ന ഗായകസംഘങ്ങൾ ഓരോ ദിവസവും ഗാനങ്ങൾ ആലപിക്കുന്നതാണ്. നവം. 8ന് 9 മണി മുതൽ 1 മണി വരെ കുട്ടികൾക്കായി പ്രത്യേക പരിപാടി 'ചിൽഡ്രൻസ് ഫെസ്റ്റ്' നടത്തപ്പെടുന്നു. പ്രസ്തുത മഹായോഗത്തിന്റെ വിജയത്തിനായി എല്ലാവരും ഐക്യത്തോടെ പ്രവർത്തിക്കണമെന്ന് പ്രധാന കമ്മറ്റി അംഗങ്ങളായ എം. വി. സാമുവേൽ(ജന. കൺവീനർ), അലക്സ് മേൽപ്പാടം (ജന. കോ-ഓർഡിനേറ്റർ), വർക്കി ജോർജ്ജ് (പബ്ലിസിറ്റി കോ-ഓർഡിനേറ്റർ), രാജു കെ. തോമസ് (ഫിനാൻസ് കോ-ഓർഡിനേറ്റർ), കെ.എം. തോമസ് (സ്റ്റേജ് കോ-ഓർഡിനേറ്റർ), സി.എം. ചാക്കോ (പ്രെയർ കോ-ഓർഡിനേറ്റർ) എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അലക്സ് മേൽപ്പാടം, പി.ഒ. ബോക്സ്-101, തിരുവല്ല, ഫോൺ:9447440321, എം.വി. സാമുവേൽ , മുളമൂട്ടിൽ, ആർ.എസ്.പി.ഒ., തിരുവല്ല, ഫോൺ: 9961731901.

**വൈ. എം. ഇ . എഫ് ജനറൽ ക്യാമ്പ്- 2008**

**സ്ഥലം-** ഹോളിഡേ ഹോം തേക്കടി (കുമളി)

**സമയം -** സെപ്റ്റം. 9 മുതൽ 12 ന് 10 വരെ

**പ്രസംഗകർ** : വർഗീസ് കുര്യൻ, ചാണ്ടപിള്ള ഫിലിപ്പ്, ജോസ് മാത്യു, ജോസ്മാങ്കുടി , ബൈബിൾ ക്ലാസ്, ക്യാരക്ടർസ്റ്റഡി, മിഷനറി സമ്മേളനം, വചനധ്യാനം, ഗ്രൂപ്പ്പ്രാർത്ഥന സംഗിതാഭ്യാസം, ബൈബിൾക്വിസ്, ചോദ്യോത്തരവേള, സാക്ഷ്യങ്ങൾ തുടങ്ങിയ പ്രോഗ്രാമുകൾ ക്രമീകരിച്ചിട്ടുണ്ട്. എല്ലാ സഹോദരന്മാരെയും ക്ഷണിച്ചുകൊള്ളുന്നു. 600 ഓളം പേർ സംബന്ധിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ ക്യാമ്പിന് 3 ലക്ഷത്തോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഏവരുടെയും പ്രാർത്ഥനയും സാമ്പത്തിക സഹായങ്ങളും അഭ്യർത്ഥിക്കുന്നു. സംഭാവനകൾ General Y.M.E.F., A/c No. 20040125, Cathalic Syrian Bank Kovoor Branch (Kozhikide) എന്ന പേരിൽ Paul P. Scaria, A/9 Vrindavan Hsg. Coly, Chevayoor P.O. Kozhikode 673017 വിലാസത്തിൽ അയച്ചുതന്നാലും. ജനറൽ വൈ.എം.ഇ.എഫിനു വേണ്ടി സാബു മാത്യു (ജന. സെക്രട്ടറി). ബന്ധപ്പെടുക. Sabu Mathew, Kalayil House, Anniartholu P.O., Idukki-685515, Ph: 9847707257


RN.No. 36067/ 81

Postal Reg. No. KL/TLA/44/2006-08 dt. 09-09- 05

ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor


## വിവിധ വിഷയങ്ങൾ

### പ്രീ പബ്ലിക്കേഷൻ

### പുറപ്പാടു പുസ്തകം (ധ്യാനപരമായോരു പഠനം)

പ്രശസ്ത ക്രിസ്തീയ ഗ്രന്ഥകാരനായ എം.വി. തോമസിന്റെ 32-ാമത്തെ കൃതി. മലയാളഭാഷയിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ തനതായ ശൈലിയിലുള്ള രചന. മോശെയുടെ ജനനം, ജീവിതം, 10 മിസ്രയീമ്യ ബാധകൾ, പെസഹാ കുഞ്ഞാടിന്റെ രക്തത്താലുള്ള വീണ്ടെടുപ്പ്, സമാഗമന കൂടാരം, ഉപകരണങ്ങൾ, യിസ്രായേലിന്റെ വർണ്ണപ്പകിട്ടാർന്ന വിവിധ മരുഭൂമി അനുഭവങ്ങൾ തുടങ്ങിയ നൂറുകണക്കിന് വിഷയങ്ങൾ. വില Rs.250/- (ഏകദേശം 600 പേജുകൾ). പ്രീ-പബ്ലിക്കേഷൻ വില Rs. 150/- Post-ൽ ആവശ്യമുള്ളവർ Rs. 30/- കൂടെ അയയ്ക്കണം. കോപ്പികൾ മുൻകൂർ ബുക്കുചെയ്യുന്ന ക്രിസ്തീയ വില്പന ശാലകൾക്ക് പ്രത്യേക ഡിസ്കൗണ്ട്. പ്രസിദ്ധീകരണം 2008 നവം. ആവശ്യമുള്ളവർ (M.O.ആയി മാത്രം) താഴെക്കാണുന്ന വിലാസത്തിൽ അയക്കുക. M.V. Thomas, Freedom Publications, Vadakkadathucavu P.O., Kilivayal, Adoor-691 529, Ph: 04734-212742.

### പുതിയഫോൺ

**സുവി. സാം സഖറിയയുടെ ഫോൺ നമ്പർ - 0474 - 2453136, 9447402139**